ഖുത്വ്ബ നമ്പർ
**41**
**12-10-2012**

بسم الله الرحمن الرحيم O نحمده ونصلي علىٰ رسوله الكريم O وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്വ്ബ**
**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز
വിവർത്തനം: ഹാശിം അഷ്റഫ്, ആലപ്പുഴ



# ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സഹാബാക്കൾ

ഞാൻ ഹ: മസീഹ് മൗഊദ് (അ)ന്റെ സഹാബാക്കളുടെ സംഭവങ്ങളും നിവേദനങ്ങളും അവതരിപ്പിക്കുമ്പോൾ അല്ലെങ്കിൽ ഏതൊരു സഹാബിയുടെ സംഭവമാണ് അവതരിപ്പിക്കുന്നത്, അദ്ദേഹത്തിന്റെ സന്താനങ്ങളും തലമുറക്കാരും ഈ കാര്യത്തെക്കുറിച്ച് തങ്ങളുടെ കത്ത് മുഖാന്തിരം സന്തോഷം പ്രകടിപ്പിക്കുകയും ദുആക്ക് വേണ്ടി അപേക്ഷിക്കുകയും ചെയ്യുന്നു. അതായത് ഞങ്ങളും, ഞങ്ങളുടെ വരും തലമുറയും ഈ അനുഗ്രഹത്തെ വിലമതിക്കുന്നവരാകുന്നതിന് വേണ്ടി, അതായത് ഏതൊരു അനുഗ്രഹമാണ് ഞങ്ങളുടെ ഉപ്പാപ്പയും, ഉമ്മാമയും, വെല്ലുമ്മായും, വെല്ലുപ്പായും കാലത്തിന്റെ ഇമാമിന്റെയും, നബിതിരുമേനി (സ)ന്റെ സത്യസന്ധനായപ്രേമിയുടെ കരങ്ങളിൽ ബൈഅത്ത് ചെയ്തത് മൂലം ലഭിച്ചിരിക്കുന്നത്, അല്ലെങ്കിൽ ആ കാലഘട്ടം പ്രാപിച്ചുകൊണ്ട് കാലത്തിന്റെ ഇമാമിൽ നിന്ന് അനുഗ്രഹം കരസ്ഥമാക്കിയത്, എന്നാൽ ഒരു സംഭവത്തെക്കുറിച്ച് കേട്ടപ്പോൾ ഞാൻ അത്ഭുതപ്പെടുകയുണ്ടായി. അതായത് ചിലർ തങ്ങളുടെ പൂർവീകരെ ആക്ഷേപപാത്രമാക്കുന്നു. അവർ തെറ്റാണ് പ്രവർത്തിച്ചത്, തന്റെ മാതാപിതാക്കളെ ഉപേക്ഷിച്ചുകൊണ്ട് ഹ: മസീഹ് മൗഊദ് (അ)ന്റെ അടുക്കൽ വന്നു. എന്നാൽ അവരുടെ ഹൃദയത്തിൽ ഈ തെറ്റിദ്ധാരണകൾ തങ്ങളുടെ പൂർവീകരുടെ യഥാർത്ഥ അവസ്ഥകളും സംഭവങ്ങളും യഥാർത്ഥ രീതിയിൽ മനസ്സിലാക്കാത്തത് മൂലമാണ് ഉണ്ടായികൊണ്ടിരിക്കുന്നത്. ഞാൻ ആ സഹാബാക്കളുടെ സംഭവങ്ങൾ വിവരിക്കാൻ ആരംഭിച്ചപ്പോൾ മുൻ പറഞ്ഞ തെറ്റിദ്ധാരണയുള്ള ഒരു കുടുംബത്തിലെ ഒരു വ്യക്തി എന്നോട് പറയുകയുണ്ടായി, ഇന്ന സഹാബിയുടെ സംഭവങ്ങൾ താങ്കൾ വിവരിച്ചുകൊണ്ട് എന്റെ ഹൃദയത്തെ ആശയക്കുഴപ്പത്തിലും പരിഭ്രമത്തിലും അകപ്പെടുത്തുന്ന ചോദ്യങ്ങളിൽ നിന്ന് മോചിതനാക്കുകയുണ്ടായി. ഈ സംഭവങ്ങൾ വിവരിക്കുന്നത് മൂലം പല കുടുംബങ്ങളുടേയും തെറ്റിദ്ധാരണകൾ, അതായത് അവരുടെ പൂർവീകരെ സംബന്ധിക്കുന്നത്, അതിനെ ദൂരീകരിക്കുന്നതിന് ഹേതുവാകുന്നു. അതുപോലെ അവരുടെ വരും തലമുറയെ ജമാഅത്തുമായി ബന്ധിപ്പിക്കുന്നതിന്നും കാരണമാകുന്നു. അതുകൊണ്ട് ഞാൻ വിവരിച്ചുകൊണ്ടിരിക്കുന്നു. എനിക്ക് മുമ്പുള്ള ഖലീഫമാരും വിവരിച്ചിരുന്നു. പ്രധാനമായും ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) സഹാബാക്കളുടെ സംഭവങ്ങൾ വിവരിച്ചുകൊണ്ട് ഒരു പരമ്പര ആരംഭിച്ചിരുന്നു. കുറച്ച് വിവരിക്കുകയും കുറച്ച് ബാക്കിയാകുകയും ചെയ്തു. അത് കൊണ്ട് പൂർവീകരുടെ സംഭവങ്ങളും അവസ്ഥകളും ചരിത്രവും വരും തലമുറയിൽ അവതരിപ്പിച്ചുകൊണ്ടിരിക്കണം. എന്തെന്നാൽ വരും തലമുറ ജമാഅത്തുമായി ദൃഢബന്ധത്തിൽ ഏർപ്പെടുകയും അവർക്ക് ശിക്ഷണം കരസ്ഥമാവുകയും ചെയ്യുന്നതാണ്. ഇവിടെ മറ്റൊരു കാര്യം പറയാനുള്ളത് സഹാബത്തിന്റെ സന്താനങ്ങളിലെ ചില വ്യക്തികൾ ജമാഅത്തിൽ നിന്ന് വിദൂരപ്പെട്ട് പോകുന്നു. ചില ജമാഅത്ത് അംഗങ്ങളുടേയും ഭാരവാഹികളുടേയും രീതികൾ കാരണമാണ് സംഭവിക്കുന്നത്. ഈ സംഭവം വലുതാവുകയും തങ്ങളുടെ പൂർവീകർ തെറ്റായിരുന്നു എന്നു പറയുന്ന അവസ്ഥ വരെ ചെന്നെത്തുന്നു. അതു കൊണ്ട് ഇങ്ങനെയുള്ളവർ ചെറിയ ചെറിയ കാര്യങ്ങളിൽ വിദ്വേഷം പ്രകടിപ്പിക്കാതെ തനിക്ക് വേണ്ടിയും ദൈവത്തോട് ഹിദായത്തിൽ നിലകൊള്ളുന്നതിന് വേണ്ടി ദുആ അർത്ഥിക്കേണ്ടതാണ്. ആരാണ് കാരണകാരാകുന്നത് അവരും ദുആ ചെയ്യേണ്ടതാണ്. എന്നെന്നും ഓർക്കേണ്ട കാര്യം നമ്മുടെ പൂർവ്വീകർ വലിയ ഗവേഷണം നടത്തികൊണ്ടാണ് അഹ്മദിയ്യത്ത് സ്വീകരിച്ചിട്ടുള്ളത്. അതുപോലെ അല്ലാഹുവിൽ നിന്ന് നേരിട്ട് മാർഗ്ഗദർശനം കരസ്ഥമാക്കിയുമാണ് അഹ്മദിയത്ത് സ്വീകരിച്ചിട്ടുള്ളത്. ഇന്നുള്ള തലമുറക്ക് തെറ്റ് സംഭവിക്കാവുന്നതാണ്. എന്തെന്നാൽ അവർ തങ്ങളുടെ പൂർവീകർക്ക് ദൈവത്തോട് ഉണ്ടായിരുന്ന ബന്ധം കരസ്ഥമാക്കിട്ടുള്ളത് കൊണ്ട്, ആ പൂർവീകർക്ക് തെറ്റ് സംഭവിക്കുകയില്ല. എപ്പോഴും ഓർക്കുക, നീതി നമ്മോട് ആവശ്യപ്പെടുന്നത് ശുദ്ധഹൃദയത്തോടുകൂടി അല്ലാഹുവിനോട് ദുആ ചെയ്യുക എന്നാണ്. അല്ലാഹു നമ്മെ ശരിയായ മാർഗ്ഗത്തിൽ ചരിപ്പിക്കുമാറാകട്ടെ. ആരേയും ദീനിന്റെ മാർഗ്ഗത്തിൽ നിന്ന് വ്യതിചലിപ്പിക്കുന്ന സംഭവങ്ങളിൽ ഒരിക്കലും അകപ്പെട്ടവരാക്കാതിരിക്കട്ടെ. അല്ലാഹുവിന്റെ തൃപ്തിയിൽ നിന്ന് വിദൂരപ്പെടാതിരിക്കട്ടെ. അങ്ങിനെയുള്ളവർ സ്വയം ഒരു പരിശോധന നടത്തുകയാണെങ്കിൽ അവർക്ക് മനസ്സിലാകുന്നതാണ്. നിസ്സാരകാര്യങ്ങളാണ്. അവരുടെ തൻപ്രമാണിത്വവും അറിവില്ലായ്മയും ദീനിന് എതിരിൽ എഴുന്നേൽപ്പിച്ചുകൊണ്ട് ദീനിൽ നിന്ന് വിദൂരപ്പെടുത്തുന്നു. അതുകൊണ്ട് സഹാബാക്കളുടെ സന്താനങ്ങളിൽ നിന്ന് ചില കാര്യങ്ങളാൽ ദീനിൽ നിന്ന് മാറികഴിയുന്നവർ, ജമാഅത്തിന്റെ വ്യവസ്ഥിയിൽ നിന്ന് ദൂരപ്പെട്ടവർ, തങ്ങളുടെ വ്യക്തിപരമായ വിചാരവികാരങ്ങൾക്ക് അടിമപ്പെട്ടവർ, തൻപ്രമാണി

ത്വത്തിൽ അടിമപ്പെട്ടവർ, അവർ സ്വയം തങ്ങൾക്ക് വേണ്ടിയും എപ്പോഴും നേരായ മാർഗ്ഗത്തിൽ ചരിക്കുന്നതിന് വേണ്ടിയും ദുആ ചെയ്ത് കൊണ്ടിരിക്കുക. തങ്ങളുടെ പൂർവീകരുടെ ഔദാര്യത്തെ സ്മരിക്കുക. അതിൽ പ്രാധാന്യം അർഹിക്കുന്ന ഔദാര്യം എന്നത് ഹ: മസീഹ് മൗഊദ് (അ) മിൽ വിശ്വസിച്ച് കൊണ്ട് നമ്മുടെ രക്തത്തിൽ ഈ അനുഗ്രഹത്തെ നിറച്ചിരിക്കുകയാണ്. അല്ലാഹു എപ്പോ ഴും സഹാബികളുടെ സന്താനങ്ങളെ ദീനിൽ നിലയുറപ്പിക്കുമാറാകട്ടെ. സഹാബികൾക്ക് വേണ്ടി ദുആ ചെയ്യുന്നവരായി തീരട്ടെ. അല്ലാതെ ചിലരെക്കുറിച്ച് ചില ആക്ഷേപങ്ങൾ പോലും അവരിൽ ഉണ്ടാകാതിരിക്കട്ടെ.

ഇന്ന് ഞാൻ ഈ ചെറിയ ആമുഖത്തിന് ശേഷം വീണ്ടും സഹാബാക്കളുടെ സംഭവങ്ങളാണ് വിവരിക്കുന്നത്. ആദ്യത്തെ സംഭവം ഹ: മുഹമ്മദ് ഫാസിൽ സാഹിബ് ഹ: നൂർ മുഹമ്മദ് സാഹിബിന്റെ മകനാണ്. അദ്ദേഹം പറയുന്നു, ഒരു രാത്രി ഇശാ നമസ്കാരാനന്തരം ഞാൻ മൗലവി സുൽത്താൻ ഹാമിദ് സാഹിബിന്റെ സമക്ഷത്തിൽ പറയുകയുണ്ടായി. മൗലവി സാഹിബ്! മിർസാ സാഹിബ് മഹ്ദിയെന്നും മസീഹെന്നും വാദമുന്നയിച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ ആ വാദി സത്യസന്ധനാണെങ്കിൽ അദ്ദേഹത്തെ അല്ലാഹു നമ്മുടെ ദേശത്ത് അവതരിപ്പിച്ചിട്ടും നാം അദ്ദേഹത്തെ തിരിച്ചറിയുന്ന കാര്യത്തിൽ നഷ്ടം കൈവരിക്കുന്നവരാണെങ്കിലോ? നാം അദ്ദേഹത്തെ അവിടെ ചെന്ന് ദർശിക്കുന്നതിന്നായി ബുദ്ധിമുട്ട് സഹിക്കാൻ തയ്യാറല്ലെങ്കിൽ, അതായത് അദ്ദേഹത്തെ നമ്മുടെ ദേശത്ത് അവതരിപ്പിച്ചിട്ടും അദ്ദേഹത്തെ ദർശിക്കുന്നതിന്നായി ബുദ്ധിമുട്ട് സഹിക്കുന്നില്ലെങ്കിൽ നാം അദ്ദേഹത്തെ തിരിച്ചറിയുന്ന കാര്യത്തിൽ നഷ്ടം കൈവരിക്കുന്നവരാകുമോ? മൗലവി സാഹിബ് സ്വാത്തികനും സൽപ്രകൃതനുമായിരുന്നു. അദ്ദേഹം ഇത് കേട്ടുകൊണ്ട് മറുപടി പറഞ്ഞു. തീർച്ചയായും പോകേണ്ടതാണ്. ഞാൻ അദ്ദേഹത്തോട് പ്രതിജ്ഞ ചെയ്തു. മൗലവി സാഹിബ് എന്നോടും വാഗ്ദാനം ചെയ്തു. എന്റെ വാക്കുകൾ കേട്ട്, മൗലവി സാഹിബ് മജ്‌ലിസിൽ നിന്ന് പോയികഴിഞ്ഞപ്പോൾ ഞാൻ ഉറങ്ങി. അതിനുശേഷം പറയുന്നു, ഞാൻ ഉറങ്ങി. ആ സമയം ഞാൻ സ്വപ്നത്തിൽ കണ്ടു. മനോഹരമായ ഒരു ഭവനം അതിന് ഏകദേശം നാലു വാതിലുകൾ ഉണ്ട്. അതിന്റെ മുഖം തെക്ക് ഭാഗത്തേക്കാണ്. പടിഞ്ഞാറ് ഭാഗത്തായി ഒരു മൈതാനമാണ്. അവിടെ വെള്ള വസ്ത്രധാരിയായ ആകാശീയ മനുഷ്യരെന്ന് തോന്നിപ്പിക്കുന്ന സ്വാത്തികർ കൂട്ടമായി ഇരിക്കുന്നത് കണ്ടു. അവരുടെ എണ്ണം നൂറിൽ കൂടുതലുമായിരുന്നു. ഞാൻ അവരുടെ മധ്യത്തിൽ ഇരിക്കുകയാണ്. തത്സമയം ഭവനത്തിന്റെ പടിഞ്ഞാറെ വാതിലിലൂടെ ഒരു പ്രകാശപൂരിതമായ വെള്ളവസ്ത്രധാരിയായ ഒരു വ്യക്തിത്വം വരുന്നതായി കണ്ടു. ആ രൂപം എന്റെ കൺമുമ്പിൽ ഇപ്പോഴുമുണ്ട്. ആ ജമാഅത്തിനെ അഭിമുഖീകരിച്ചുകൊണ്ട് (ആ ജമാഅത്തിന്റെ മദ്ധ്യത്തിൽ ഞാൻ നിൽക്കുകയാണ്) ആ പ്രകാശീയ രൂപം എന്റെ നേർക്ക് വിരൽ ചൂണ്ടികൊണ്ട് പറഞ്ഞു. അല്ലാഹു നിന്റെ മുഴുവൻ തിന്മകളും മാപ്പാക്കിയിരിക്കുന്നു. അപ്പോൾ എന്റെ ഹൃദയത്തിന് ആ രൂപം നബി(സ)യുടേതാണ് എന്ന തിരിച്ചറിവ് ലഭിച്ചു. അദ്ദേഹം പറയുന്നു, എന്റെ നാവിൽ നിന്ന് ദുറൂദ് പുറത്ത് വന്നു. അപ്പോൾ ഞാൻ ഉണർന്നു. എന്റെ ഹൃദയത്തിന് വീണ്ടും നിദ്ര വരാത്ത വിധം ആനന്ദം ലഭിച്ചു. ഞാൻ ഉണർന്നുകൊണ്ട് തഹജ്ജുദ് നമസ്കാരം അനുഷ്ഠിച്ചു. അപ്പോഴാണ് പ്രഭാതം ഉയരുന്നത്. മൗലവി സാഹിബിനോട് സ്വപ്നത്തെക്കുറിച്ച് പറയുന്നതാണ് എന്റെ ഹൃദയം മന്ത്രിച്ചു. രാവിലെ മൗലവി സാഹിബ് വന്നപ്പോൾ നമസ്ക്കാരത്തിന് ശേഷം ഈ സ്വപ്നത്തെ സംബന്ധിച്ച് അറിയിച്ചു. മൗലവി സാഹിബ് പറഞ്ഞു, നീ വലിയ ഭാഗ്യവാനാണ്.

ശൈഖ് അഖ്തർ അലി സാഹിബ് വിവരിക്കുന്നു, ഹ: അഖ്ദസ്(അ) അരുൾ ചെയ്തിരുന്നു. തബ്‌ലീഗിന്റെ അവസരങ്ങളിൽ ജനങ്ങളെ ഇശാ നമസ്കാരാനന്തരം ഉറങ്ങുന്നതിനുമുമ്പായി വുളൂചെയ്ത് കൊണ്ട് രണ്ട് റക്ക്അത്ത് നഫൽ നമസ്കരിക്കുന്ന കാര്യത്തിൽ ശ്രദ്ധിപ്പിക്കുന്നത് പ്രയോജനകരമാണ്. അതിൽ ഈ ദുആയും ചെയ്യുക. അതായത് ഞങ്ങളുടെ രക്ഷിതാവേ! ഒരു പക്ഷേ ഈ വ്യവസ്ഥിതി സത്യമാണെങ്കിൽ ഞങ്ങളുടെ മേൽ സത്യത്തെ വെളിപ്പെടുത്തേണമേ. പറഞ്ഞു, ഞാൻ കിഴക്കൻ ആഫ്രിക്കയിൽ 1900-ൽ ജോലിയുടെ കാരണത്താൽ പോകുമ്പോൾ തന്റെ പഴയ ഒരു സുഹൃത്ത് ഗുജറാത്തിലെ സാറായെ ആലംഗീർ ജീലുകാരൻ ഭായി നേക്ക് മുഹമ്മദ് സാദിഖ് സാഹിബിനെ ജോലിക്കാര്യത്തിനായി കൂടെ കൂട്ടിയിരുന്നു. അദ്ദേഹത്തെ തബ്‌ലീഗ് ചെയ്യുന്ന അവസരത്തിൽ ഹുസൂർ പറഞ്ഞ ഈ പൊടികൈ പ്രയോഗിച്ചു. അദ്ദേഹം ഇതനുസരിച്ച് പ്രവർത്തിച്ചു. അല്ലാഹു സ്വപ്നത്തിൽ മുൻപറഞ്ഞ രീതിയിലുള്ള സദൃശ്യരൂപം കാണിച്ചു. അദ്ദേഹം സർവ്വലോകരക്ഷിതാവിന്റെ സത്രത്തിലാണ്. പിതാമഹനും കൂടെ ഉണ്ടായിരുന്നു. ഏത് ഭവനത്തിലാണോ അവർ നിന്നിരുന്നത് അതിന്റെ എല്ലാ ഭാഗവും പ്രകാശമയമാകാൻ തുടങ്ങി. ആകാശത്ത് പ്രകാശത്തിന്റെ അലകൾ സഞ്ചരിക്കുന്നത് അവർക്ക് കാണാമായിരുന്നു. അത് ഭവനത്തെ പ്രകാശത്തിന് മേൽ പ്രകാശമാക്കിത്തീർത്തു. അപ്പോൾ സ്വാത്തീകനും പ്രകാശവാഹകനുമായ ഒരു വ്യക്തിത്വം പ്രത്യക്ഷപ്പെട്ടു. ഭായി നേക്ക് മുഹമ്മദ് സാഹിബിന്റെ പിതാമഹൻ തന്റെ മകനെ അഭിമുഖീകരിച്ച് കൊണ്ട് പറഞ്ഞു, ഇത് ഇമാം മഹ്ദിയാണ്. രണ്ടുപേരും മകനും പിതാവും ഹുസൂറിനെ സന്ദർശിച്ചു. ഈ മനോഹരമായ ദൃശ്യത്തിന് ശേഷം അദ്ദേഹം നിദ്രയിൽ നിന്ന് ഉണർന്നു. പ്രഭാതത്തിൽ ഈ സംഭവം എന്നോട് പറഞ്ഞു. അദ്ദേഹത്തിന്റെ ബൈഅത്തിന്നായി കത്ത് എഴുതുവാൻ പറയുകയും ചെയ്തു. ഞാൻ അദ്ദേഹത്തിന്റെ ബൈഅത്തിന്നായി കത്ത് അയച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിന്റെ മുഴുവൻ കുടുബാഗംങ്ങളും അഹ്മദികളാണ്.

ഹ: മാസ്റ്റർ മൗലാബക്ഷ് ഉമർ ബക്ഷ് സാഹിബിന്റെ മകനാണ്. പറയുന്നു, ഞാൻ മദ്രസ സൻ ഗോഹനി പട്ടിയാലയിൽ ഹെഡ്മാസ്റ്റർ ആയിരുന്നു. പറയുന്നു, ആഗസ്റ്റ് മാസം മഴക്കാലത്തിന് ശേഷം ഒഴിവുകാലം വന്നു. എനിക്ക് ഹുസൂറിന്റെ സമക്ഷത്തിൽ എത്താൻ ആഗ്രഹം ജനിച്ചു. എന്റെ മകൻ മർഹൂം അബ്ദുൽ ഗഫാർ രണ്ട് വയസ്സുകാരനായിരുന്നു. അവന്റെ ശരീരത്തിൽ കുരുക്കൾ വന്നു കൊണ്ടിരുന്നു. അതിനു മാറ്റമുണ്ടായില്ല. ഞാൻ അത് ഗൗനിക്കാതെ അവിടെ നിന്ന് യാത്രയായി. സർഹിന്ദിലെ മൗലവി സാഹിബിനെ കൂടെ കൂട്ടി. ഹുസൂറിന്റെ സമക്ഷത്തിൽ ഹാജരായി കൊണ്ട് ബൈഅത്ത് ചെയ്തു. ഒരുമാസം അവിടെ താമസിച്ചതിനു

ശേഷം വീട്ടിലെത്തിയപ്പോൾ മകനെ ആരോഗ്യവാനായി കണ്ടു. എന്റെ പത്നി പറഞ്ഞു. ഞാൻ ഇവനെ കുളിപ്പിക്കുന്നത് നിർത്തിയിരുന്നു. എന്നാൽ ആരോഗ്യവാനായിരിക്കുന്നു.

ഹ: ഖൈസി മുഹമ്മദ് യൂസഫ് സാഹിബ് പറയുന്നു. ഞാൻ 1898-ന്റെ സമീപത്ത് ഒരു സ്വപ്നം കണ്ടു. ഞാൻ ഉയർന്ന പർവതത്തിന്റെ താഴ്വരയിൽ കിഴക്ക് തിരിഞ്ഞ് നിൽക്കുകയാണ്. എന്റെ രണ്ട് കയ്യും ഇരുവശത്തേക്ക് തോളിന് സമാന്തരമായി നിവർത്തിയിരിക്കുകയാണ്. എന്റെ വലതുകയ്യിൽ സൂര്യന്റെ തേജോഗോളം പ്രകാശപൂരിതമായി നിലകൊള്ളുകയും ചന്ദ്രന്റെ തേജോഗോളം ഇടത്ത് കയ്യിലുമാണ്. അത് മൂന്നടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന കിഴക്ക് നിന്ന് ഒരു നദീ പർവ്വത തീരത്ത് കൂടി ഒഴുകുന്നുണ്ടായിരുന്നു. നദിയുടേയും പർവ്വതത്തിന്റെയും ഇടയിൽ വിശാലമായ ഒരു മൈതാനം ഹരിതപൂർണ്ണമാണ്. അവസാനം ഈ വ്യാഖ്യാനം മനസ്സിലായി പർവ്വതത്തിന്നർത്ഥം അന്തസ്സും ഉന്നതിയുമാണ്. സൂര്യന്റെ വിവക്ഷ മുഹമ്മദ് (സ)യും ചന്ദ്രന്റെ വിവക്ഷ പൂർണ്ണചന്ദ്രനായ ഹ: മസീഹ് മൗഊദ്(അ)മുമാണ്. നദി കൊണ്ടുള്ള ഉദ്ദേശ്യം ആകാശീയ ജ്ഞാനമാണ്. കിഴക്കുനിന്ന് പടിഞ്ഞാറിന് ലഭിക്കുന്നതാണ്. ചന്ദ്രന്റെ മൂന്നടി ഉയരം പറയുന്നത് മൂന്നുവർഷത്തിനുശേഷം അഹ്മദിയ്യത്ത് പ്രപോഷിക്കുന്നതാണ്. 1898-ൽ സ്വപ്നദർശനമുണ്ടായി. അങ്ങിനെ 1901-ൽ അഹ്മദിയത്ത് സ്വീകരിക്കാനുള്ള ഭാഗ്യം സിദ്ധിച്ചു.

ഹ: ശൈഖ് മുഹമ്മദ് അഫ്സൽ സാഹിബ് പട്ടിയാല മുൻ പോലീസ് ഇൻസ്പെക്ടർ പറയുന്നു. 1900-ൽ വേനൽ കാലമായിരുന്നു. ഇസ്മത്തുല്ലാഹ് സാഹിബ് ഖാദിയാന്റെ കൂടെ ബൈഅത്തിന്റെ ലക്ഷ്യവുമായി മഗ്രിബിന്റെ സമയത്ത് ഖാദിയാനിൽ എത്തി. ഖാദിയാൻ നഗരത്തിലെ ബലം കുറഞ്ഞ അഗതിമന്ദിരത്തിൽ കിടക്കവെച്ചുകൊണ്ട് നമസ്ക്കാരത്തിന്നായി മസ്ജിദ് മുബാറക്കിൽ എത്തി. ഹ: മസീഹ് മൗഊദ് (അ) നമസ്ക്കാരത്തിന്നായി മുറിയിൽ നിന്നു വന്നു. കുറച്ച് ഇരുട്ട് വീണിരുന്നു. വളരേ തടിച്ച വ്യക്തിയായി തോന്നി. നഗരത്തിലാണ് അദ്ദേഹം വളർന്നത്. പിശാച് ഹൃദയത്തിൽ ഇട്ടു, തടിച്ചത് എന്തുകൊണ്ടാണ്. (നഊദുബില്ലാഹ്). ഹ: മസീഹ് മൗഊദിനെ സംബന്ധിച്ചുള്ള വിചാരങ്ങൾ ഇരുട്ട് കാരണമാണ് ഉണ്ടായത്. നല്ല രീതിയിൽ കാണാൻ സാധിച്ചിരുന്നില്ല. ജനങ്ങളുടെ മാംസം ശരിക്കും കഴിക്കുന്നുണ്ടായിരിക്കും. പിന്നീട് അകത്ത് നിന്ന് ഒരുപാട് സ്ത്രീകൾ സംസാരിക്കുന്ന ശബ്ദം പുറത്തേക്ക് വന്നു. അപ്പോൾ പിശാച് ഹ: മസീഹ് മൗഊദ് (അ) എതിരിൽ ഹൃദയത്തെ സ്വാധീനിച്ചു. ഇദ്ദേഹത്തിന്റെ പരിശുദ്ധതയെ സംബന്ധിച്ച് തനിക്ക് എന്തറിയാം? ശരീരവുമായി നല്ല ഒരു ബലപ്രയോഗം തന്നെ നടന്നു. മുഴുവൻ ശരീരവും വിയർത്തു കുളിച്ചു. ഹ: മസീഹ് മൗഊദ് (അ)നെ സംബന്ധിച്ച് നഫ്സ് പുതിയ പുതിയ ദുഷിച്ച ചിന്താഗതികൾ ഉയർത്തി കൊണ്ടുവന്നു. ഞാൻ നമസ്കാരത്തിൽ ദുആ ചെയ്തു കൊണ്ടിരുന്നു. എന്റെ നാഥാ ആ വ്യക്തി സത്യവാനാണെങ്കിൽ ഞാൻ അദ്ദേഹത്തിന്റെ വാതിൽപടിയിൽ നിന്ന് പരാജിതനും പാമരനുമായി മടങ്ങരുതേ. എന്നാൽ ഹൃദയത്തിന് മാറ്റമൊന്നും ഉണ്ടായില്ല. നമസ്കാരത്തിന് ശേഷം അതിഥി മന്ദിരത്തിൽ തിരിച്ചു വന്നു. ഈ അവസ്ഥയിൽ ബൈഅത്ത് ചെയ്യുന്നത് നല്ലതായിരിക്കില്ലെന്ന് തീരുമാനിച്ചു. ഇശാ നമസ്കരിച്ചോ എന്നറിയില്ല. നമസ്കരിച്ചെങ്കിൽ എവിടെയാണ് നമസ്കരിച്ചത്. അബോധാവസ്ഥയിൽ ഉറങ്ങി. രാത്രിയിൽ രണ്ടോ, മൂന്നോ മണിയായെന്നു തോന്നുന്നു. ഒരു വ്യക്തി എന്റെ കഴുത്തിൽ അമർത്തികൊണ്ട് കിടക്കയിൽ നിന്ന് എഴുന്നേൽപിച്ചു. സ്വപ്നത്തിലാണ് ഇത് കാണുന്നത്. ജീവൻ പോകുമോ എന്നു തോന്നുന്ന വിധത്തിലാണ് അമർത്തപ്പെട്ടത്. പറഞ്ഞു, മിർസാ ഏതൊരു വ്യക്തിയാണെന്ന് നിനക്കറിയില്ലെ? ആ വ്യക്തി ഒരിക്കലും അസത്യം പറഞ്ഞിട്ടില്ല. തന്റെ വാദത്തിൽ പൂർണ്ണമായും സത്യവാനാണ്. മറ്റു വല്ലതും നീ ചിന്തിച്ചാൽ...... എന്നെ കിടക്കയിലേക്കിട്ടു. വളരെ തീവ്രമായ സ്വപ്നമായിരുന്നു. ഞാൻ ഭയചകിതനായികൊണ്ട് എന്റെ കണ്ണുകൾ തുറന്നു. ആ സമയം എന്റെ കണ്ണുകളിൽ കണ്ണീരുണ്ടായിരുന്നു. കഴുത്ത് ആരോ ശക്തമായി അമർത്തിയത് പോലെ വളരെയധികം വേദനിക്കുന്നുണ്ടായിരുന്നു. എന്നാൽ ഇതെല്ലാം സ്വപ്നദർശനമായിരുന്നു. ഹൃദയത്തോട് ചോദിച്ചു, ഇപ്പോഴും മിർസാ സാഹിബിന്റെ സത്യതക്ക് സംശയം ബാക്കിയുണ്ടോ? ഹൃദയം പറഞ്ഞു, ഒരിക്കലുമില്ല. പ്രഭാതത്തിൽ വിരഹവാഹിയായി കണ്ടു. ആകാശത്ത് നിന്ന് മലക്ക് ഇറങ്ങിയതായി അനുഭവപ്പെട്ടു. സാധാരണ മനുഷ്യപ്രകാരത്തിലുള്ള വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ ഓരോ ചലനത്തിന്നായി ജീവൻ ത്യജിക്കാൻ പ്രകൃതം ആവശ്യപ്പെട്ടു. എപ്പോഴാണ് ഹുസൂർ (അ) മുന്നിൽ വരുന്നത്. നിയന്ത്രണാതീതമായി കണ്ണീർ വരുമായിരുന്നു. അതായത് ഹുസൂർ പ്രേമഭാജനവും ഇദ്ദേഹം നിസ്സഹായകനായ പ്രേമിയും. വളരെ സന്തോഷത്തോടെ ബൈഅത്ത് ചെയ്തു. അല്ലാഹു പൈശാചീക വലയത്തിൽ നിന്ന് പുറത്ത് കൊണ്ടുവന്ന് മസീഹിന്റെ വാതിൽ പടിയിൽ ശക്തമായി പ്രവേശിപ്പിച്ചു. ഞാൻ വഴി തെറ്റുന്ന കാര്യത്തിൽ ഏതൊന്നിന്റെ കുറവാണുണ്ടായത്.

ഹ: ഖയാമുദ്ദീൻ സാഹിബ് വിവരിക്കുന്നു. ഞാൻ സ്വപ്നത്തിൽ കണ്ടു. ഞാൻ ഗ്രാമത്തിലെ മസ്ജിദിൽ നിന്ന് നമസ്കരിച്ച് എഴുന്നേറ്റപ്പോൾ ഒരാൾ പറയുന്നു, സഹോദരാ, ഇരുലോകത്തേയും തിന്നുന്ന ആപത്ത് വന്നെത്തിയിരിക്കുന്നു. ഞാനും അത് കേട്ട്കൊണ്ട് തിരിച്ചറിയുകയായിരുന്നു. ഞങ്ങളെ മുഴുവൻ പേരെയും തിന്നുന്നതാണ്. കറുത്ത നിറത്തിലുള്ള ശിഖിരം പോലുള്ള (കീടങ്ങൾ) എല്ലാ വയലുകളിലും ദൃശ്യമാകുന്നതായിരുന്നു. ഞാൻ ജനങ്ങളോട് പറഞ്ഞു. ഇത് തീർച്ചയായും നമ്മെ തിന്നുന്നതാണ്. അല്ലാഹുവിനെ അല്പം സ്മരിക്കുക. അപ്പോൾ രണ്ട് മൂന്നെണ്ണം എന്റെ വലതു കയ്യിലെ വിരലുകൾ പിടിച്ചു. അത് എന്നെ പിടിച്ചു എന്ന ചിന്ത എന്നിൽ ഉദിച്ചു. അതായത് ഈ ആപത്ത്. ഞാൻ ഈ കീടത്തിനോട് ചോദിച്ചു. നിങ്ങൾ ദൈവത്തിൽ നിന്നാണോ വന്നത്? കീടങ്ങൾ പറഞ്ഞു ശരി തന്നെയാണ്. മിർസാ സാഹിബ് സത്യവാനാണോ അല്ലയോ? അവർ പറഞ്ഞു, അതെ സത്യവാനാണ്. മിർസാ സാഹിബിനെ വിശ്വസിക്കുന്നില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നിന്നെ തിന്നുന്നതാണ്. എന്തെന്നാൽ അദ്ദേഹം സത്യവാനാണ്. മൂന്ന് പ്രാവശ്യം ആവർത്തിച്ച് ആവർത്തിച്ച് ശബ്ദം വന്നു. മിർസാ സാഹിബ് സത്യവാനാണ്. പിന്നീട് കണ്ണുകൾ തുറന്നു. അദ്ദേഹം പറയുന്നു, രാവിലെ എഴുന്നേറ്റതിനു ശേഷം മാതാവിനോട് ചോദിച്ചു. ജുമുആ എപ്പോഴാണ്? ജുമുആ ദിവസം ഹ:മസീഹ് മൗഊദ് (അ)ന്റെ സമക്ഷത്തിൽ ചെന്ന് ബൈഅത്ത് ചെയ്തു.

ഹ: അല്ലൂരാഖ സാഹിബ് അമീർ ബക്ഷ്സാഹിബിന്റെ മകനാണ്. ഇവർ രണ്ടുപേരും സഹാബികളാണ്. പറയുന്നു, ഞാൻ ഹ: മസീഹ് മൗഊദ്(അ)നെ സ്വപ്നത്തിൽ ദർശിച്ചു. സ്വപ്നപൂർത്തീകരണത്തിന്നായി ഞാൻ നാറോവാലിൽ വസിക്കുന്ന മൗലവി അഹ്മദ്ദീൻ സാഹിബിന്റെ കൂടെ ഖാദിയാനിൽ വന്നു. വേനൽ കാലമായിരുന്നു. മാസം ഓർമ്മയില്ല. മസ്ജിദ് മുബാറക്കിൽ സുബഹി നമസ്ക്കാരത്തിന് ശേഷം ഹ: മസീഹ് മൗഊദ്(അ) ആഗതനായിരുന്നു. മൗലവി അഹ്മദ്ദീൻ സാഹിബ് നാറോവാൽ നബി(സ)ന്റെ സത്യസാക്ഷ്യത്തിന്നും ആ കാലഘട്ടത്തിലെ ജനങ്ങളുടെ പ്രവർത്തികളെയും സംബന്ധിക്കുന്ന വിവരണങ്ങൾ വായിച്ചു. അതിൽ മൗലവി സാഹിബ് പറഞ്ഞു, അബൂബക്കർ സിദ്ദീഖ് (റ) നബി(സ)യെ മുതുകിൽ ചുമന്ന് ഗുഹയിൽ പ്രവേശിപ്പിച്ചു. അപ്പോൾ ഹ: അഹ്മദ് (അ) പറഞ്ഞു, മൗലവി സാഹിബ് അബൂബക്കർ (റ) നബി(സ)യെ എടുത്തു കൊണ്ടല്ല, മറിച്ച് നബി(സ)യും അബൂബക്കറും നടന്നു കൊണ്ടാണ് ഗുഹയിൽ പ്രവേശിച്ചത്. അതിനു ശേഷം തന്റെ കോപ്പി പ്രസിദ്ധീകരിക്കുന്നതിനുള്ള അനുവാദം നൽകി, അകത്തേക്ക് പോയി.

ഹ: മുഹമ്മദ് ഫാസിൽ സാഹിബ് (റ) വിവരിക്കുന്നു, എന്റെ ഉള്ളിൽ ബൈഅത്തിന്നായി വെമ്പലുണ്ടായിരുന്നു. ആത്മതയിലൂടെ ഹ: മസീഹ് മൗഊദ്(അ) ഏതു വരെ തന്റെ ഹൃദയത്തെ മാറ്റിമറിച്ചിരുന്നു എന്നാൽ അതിനെക്കുറിച്ച് വിവരിക്കാൻ സാധ്യമല്ല. ഞാൻ ദീനീസേവകന്റെ സമക്ഷത്തിൽ എന്റെ ബൈഅത്തിന്നായി പറഞ്ഞാലും എന്ന് അപേക്ഷിച്ചുകൊണ്ടേയിരുന്നു. എല്ലാ വൈകുന്നേര നമസ്ക്കാരത്തിനുശേഷവും ദീനീസേവകൻ എന്റെ ബൈഅത്തിനെക്കുറിച്ച് പറഞ്ഞുകൊണ്ടേയിരുന്നു. അതായത് ഖലീഫ അവ്വലിനോട് ഹ:മസീഹ് മൗഊദി(അ)ന്റെ സമക്ഷത്തിൽ അവതരിപ്പിക്കാൻ പറഞ്ഞു കൊണ്ടേയിരുന്നു. ഹുസൂർ പറഞ്ഞു നാളെ, ഇതിൽ എന്റെ ആവേശത്തിന്റെ അഗ്നി വാഗ്ദാനത്തിന്റെ പൂർത്തീകരണത്തിന്നായി ഫാർസീ വരികളിൽ പറയുന്നു.

വസലെ ദൂമെശോക് നസ്ദീക്

ആതിശെ ശോക് നസ്ദീക് പീസ്ദർഗർദർ

അതായത് പ്രേമിയുമായുള്ള കൂടികാഴ്ച്ച സമാഗതമാകുമ്പോൾ ആവേശാഗ്നി ആളികത്തുന്നു.

അവസാനം ഒരാഴ്ച്ചക്ക് ശേഷം എന്റെ ഹൃദയം ഇങ്ങനെ തീരുമാനിച്ചു. ബൈഅത്ത് സ്വപ്നത്തിൽ നിർവഹിക്കപ്പെട്ടതാണ്. അനുവാദം വാങ്ങാതെ അവിടെ നിന്ന് മടങ്ങി. -ആ ദിവസം ബൈഅത്ത് നടന്നില്ല. സ്വപ്നത്തിൽ ഞാൻ ബൈഅത്ത് ചെയ്തിരുന്നു. ഹ: മസീഹ് മൗഊദ് (അ)നോട് അനുവാദം വാങ്ങാതെ തന്റെ വീട്ടിലേക്ക്, നാട്ടിലേക്ക് തിരിച്ചു വന്നു-. പറയുന്നു, ഞാൻ വീട്ടിലെത്തിയപ്പോൾ പരിഭ്രമവും വേവലാതിയും വർദ്ധിച്ചു. ഒരു മാസത്തിന് ശേഷം വീണ്ടും ഖാദിയാനിലേക്ക് യാത്രയായി. ഞാൻ ഹ: ഖലീഫത്തുൽ മസീഹ് അവ്വലിന്റെ സമക്ഷത്തിൽ ഹാജരായപ്പോൾ അദ്ദേഹം പുഞ്ചിരിച്ചുകൊണ്ട് എന്നെ നോക്കി. മന്ദഹാസത്തോടുകൂടി പറഞ്ഞു. ആരാണ് കാലത്തിന്റെ ഇമാമിന്റെ അനുവാദമില്ലാതെ യാത്രയാവുന്നത് അവന് ഇങ്ങനെതന്നെയാണ് സംഭവിക്കുന്നത്. ഇമാമിന്റെ അനുവാദമില്ലാതെ യാത്രയാവുന്നത് ശരിയല്ല എന്ന് എനിക്ക് മനസ്സിലായി. പിന്നീട് ഹ: മസീഹ് മൗഊദ്(അ)നെ കണ്ടപ്പോൾ ബൈഅത്തിന്നായി നിർബന്ധം കാണിച്ചില്ല. ഹൃദയത്തിൽ ശാന്തതയും സമാധാനവും വന്നു കൊണ്ടിരുന്നു. അവസാനം 22 ദിവസങ്ങൾ കഴിഞ്ഞ് ഒരു വൈകുന്നേരത്തെ നമസ്കാരത്തിന് ശേഷം വ്യാഴാഴ്ച്ച ദിവസമായിരുന്നു. ഹുസൂർ സ്വയം പറഞ്ഞു, മുഹമ്മദ് ഫാസിൽ ബൈഅത്ത് ചെയ്യൂ. ഞാൻ ബൈഅത്ത് ചെയ്തു. 1899 അവസാനമോ 1900 ആരംഭമോ ആയിരുന്നു.

ഹ: മിയാൻ ഗുലാം സാഹിബ് പറയുന്നു. ഞാൻ മുമ്പ് ഹനഫി ആയിരുന്നു. പിന്നീട് വഹാബിയായി. എന്നാൽ തൃപ്തി കൈവന്നിരുന്നില്ല. ഹൃദയത്തിൽ അല്ലാഹു ഇമാം മഹ്ദിയെ അവതരിപ്പിച്ചെങ്കിൽ എന്ന ആഗ്രഹം ഉണ്ടായിരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ സേനയിൽ അംഗമാവും. ഒരിക്കൽ സ്വപ്നത്തിൽ ഹദ്റത്ത് സാഹിബിന്റെ പരിശുദ്ധരൂപം ദർശിക്കുകയുണ്ടായി. ഞാൻ ഖാദിയാനിൽ വന്നു. എല്ലാ തലത്തിലും രൂപങ്ങൾ നീരീക്ഷിച്ചു. എല്ലാതലത്തിലും അതേ രൂപങ്ങൾ എനിക്ക് ദൃശ്യമായി. ബൈഅത്ത് ചെയ്തു.

ഹ: അബ്ദുറഹ്മാൻ സാഹിബ് വിവരിക്കുന്നു, തന്റെ പിതാവിനെ സംബന്ധിച്ചാണ് വിവരിക്കുന്നത്. തന്റെ ബൈഅത്തിന്റെ സംഭവം ഇങ്ങനെയാണ് പറഞ്ഞിരുന്നത്. ഇവിടെ ഒരു മൗലവി അലാവുദ്ദീൻ സാഹിബ് താമസിച്ചിരുന്നു. അവിടെ അടുത്തായി ഒരു പള്ളി ഉണ്ടായിരുന്നു. എന്റെ പിതാവ് അദ്ദേഹത്തിൽ നിന്ന് ദീൻ അഭ്യസിച്ചിരുന്നു. ഒരിക്കൽ ഇശാ നമസ്ക്കാരത്തിന്നായി വുളൂ ചെയ്ത് കൊണ്ട് എന്റെ പിതാവ് മൗലവി സാഹിബിനോട് ചോദിച്ചു. മൗലവി സാഹിബ്, ഈ ദിനങ്ങളിൽ ആകാശത്ത് ഒരുപാട് നക്ഷത്രങ്ങൾ വീഴുന്നു. ഇതിന് കാരണമെന്താണ്? മൗലവി സാഹിബ് പറഞ്ഞു. ഇമാം മഹ്ദി വരുന്നതാണ്. ആകാശത്ത് അതിന്നായിള്ള സന്തോഷപ്രകടനം നടന്നുകൊണ്ടിരിക്കുകയാണ്. പിതാവ് പറഞ്ഞു. കുറച്ച് ദിവസങ്ങൾക്ക് ശേഷം ഞാൻ ഹ: അഖ്ദസിനെ ക്കുറിച്ച് അറിഞ്ഞു. ഖാദിയാനിൽ പോയ് ബൈഅത്ത് ചെയ്തു. തിരിച്ചു വന്ന് മൗലവി സാഹിബിനോട് പറഞ്ഞു. ഞാൻ ബൈഅത്ത് ചെയ്തു. താങ്കൾ എന്തുവിചാരിക്കുന്നു? എന്നാൽ അദ്ദേഹം നിശബ്ദനായിരുന്നു. കുറച്ച് സമയത്തിന് ശേഷം പതുക്കെ പറഞ്ഞു, ജനാബ്, കാര്യം ശരിയാണ് എന്നാൽ ഞങ്ങൾ ഭൗതീകരായിപ്പോയി. അതായത് മൗലവിയുമാണ്, ഭൗതീകനുമാണ്.

ഹ: മിയാൻ റഹീം ബക്ഷ് സാഹിബ് വിവരിക്കുന്നു. എപ്പോഴാണ് അബ്ദുൽഹഖ് ഗസനവിയുമായി ഹ: മസീഹ് മൗഊദ്(അ)ന്റെ മുബാഹല നടന്നത്, എന്റെ പിതാവ് ഈ മുബാഹലയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയാറുണ്ടായിരുന്നു. എപ്പോഴാണ് ഹദ്റത്ത് സാഹിബ് ദുആ ചെയ്തത്. അപ്പോൾ ഹ: മൗലവി നൂറുദ്ദീൻ സാഹിബിന് ആവേശമുണ്ടായി. അത് അദ്ദേഹത്തിന്റെ സഹനത്തിന് അതീതമായിരുന്നു. അതായത് ആവേശത്തോടും ശക്തമത്തായ നിലയിലും ദുആ ചെയ്തു. അങ്ങിനെ ശാരീരിക അവസ്ഥ മോശമായി. പിതാവ് പറയുന്നു, ഹദ്റത്ത് സാഹിബിനെ കണ്ട് എന്റെ ഹൃദയം സാക്ഷ്യം വഹിച്ചു. ഇത് ഭൂമിയിലെ മനുഷ്യനല്ല. മറിച്ച് ആത്മീയനാണ്. അങ്ങിനെ അദ്ദേഹം ചുണ്ട്വജമിൽ വന്നപ്പോൾ തന്റെ ഗോത്രത്തിന് മുന്നിൽ ഈ സംഭവത്തെ വിവരിച്ചു. പറഞ്ഞു, അതൊരു അത്ഭുതകരമായ സംഭവമായിരുന്നു, മലക്കുകളായിരുന്നു. അങ്ങിനെ എന്റെ പിതാവും പിതാമഹനും മുഴുവൻ കുടുംബവും ബൈഅത്ത് ചെയ്തു.

ഹ: ചൗദരി റഹ്മത്ത്ഖാൻ സാഹിബ് വിവരിക്കുന്നു. എന്റെ ബൈഅത്തിന് നിദാനമായ സംഭവം ഇങ്ങനെയാണ്. സ്വപ്നത്തിൽ ഞാൻ വീട്ടിൽ നിന്ന് പുറപ്പെട്ടു. പുറത്ത് ഹ: മസീഹ് മൗഊദ്(അ), മൗലവി ചൗദരി മൗലാ സാഹിബ് ബട്ടി, ചൗദരി ഗുലാം ഹുസൈൻ സാഹിബ്, മൗലവി ശംസുദ്ദീൻ സാഹിബ്, അലീമുദ്ദീൻ സാഹിബ്, മൗലവി ഇനായത്തുല്ലാഹ് സാഹിബ്, റഹ്മത്ത്ഖാൻ ജട്ട് എന്നിവരുമായി നിൽക്കുന്നു. ആ സമയം ചന്തയിൽ നിന്ന് വന്നതാണ്. ചൗദരി മൗലാ ബക്ഷ് സാഹിബ് എന്നോട് പറഞ്ഞു, ഇപ്പോൾ ബൈഅത്ത് ചെയ്യുക. ഇതിലും നല്ല സമയം എപ്പോഴാണ് ഉണ്ടാവുന്നത്. ഹദ്റത്ത് സാഹിബ് ഇവിടെ സന്നിധനാണ്. ഞാൻ കൂടെ ചേർന്നു. മുഴുവൻ പേരും ആദ്യം ചൗദരി മൗലാബക്ഷിന്റെ കിണറിന്റെ സമീപത്തേക്ക് പോയി. പിന്നീട് ഞങ്ങളുടെ കിണറിന്റെ അടുത്തേക്ക് വന്നു. അവിടെ നമസ്കരിച്ചു. നമസ്കാരത്തിന് ശേഷം ഞാൻ ഉണർന്നു. സ്വപ്നത്തിലാണ് ഇത് കാണുന്നത്. ഹുസൂറിന്റെ സുന്ദരമുഖം എന്റെ ഹൃദയത്തെ ആഴത്തിൽ സ്പർശിച്ചു. ഏതുവരെയെന്നാൽ ഒരിക്കലും മറക്കാൻ സാധ്യമല്ലാത്ത വിധത്തിലായിരുന്നു. രാവിലെ ഉണർന്ന് വീട്ടിൽ വന്നു യാത്രാചിലവ് വാങ്ങി ഖാദിയാനിലേക്ക് പുറപ്പെട്ടു. ബൈഅത്ത് ചെയ്തു. മൂന്ന് ദിവസം അവിടെ താമസിച്ചു. ഇതുപോലെ ഒരുപാട് സംഭവങ്ങളിൽ നിന്ന് മനസ്സിലാകുന്നത് അല്ലാഹു ഒരുപാട് പേരെ സ്വപ്നത്തിലൂടെ ബൈഅത്തിൽ പ്രവേശിപ്പിച്ചു എന്നാണ്.

മൗലവി അബ്ദുല്ലാഹ് സാഹിബ് വിവരിക്കുന്നു, ഞാൻ ബറാഹീനെ അഹ്മദിയ്യാ 1892–93 ലോ വായിച്ചു. എന്റെ പ്രകൃതത്തിൽ വളരെ സ്വാധീനം ഉളവാക്കി. പിന്നീട് ഞാൻ ഹ: സാഹിബിന്റെ രചനകളും മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയുടെ രചനകളും മാറി മാറി പരിശോധിച്ചു. മൗലവി മുഹമ്മദ് ഹുസൈന്റെ തെളിവുകളിൽ നിന്ന് ഞാൻ മനസ്സിലാക്കിയത് ഇത് ബലഹീനമാണ്. ഇത് എന്റെ പ്രകൃതത്തിൽ യാതൊരു വ്യത്യാസവും സൃഷ്ടിച്ചില്ല. ഹദ്റത്ത് സാഹിബിന്റെ തെളിവുകൾ ദൃഢതയുള്ളത് മാത്രമല്ല, ആത്മീയതയും വെളിപ്പെടുത്തിയിരുന്നു. ദിവസങ്ങൾക്ക് ശേഷം സ്നേഹം വർദ്ധിച്ച് എന്റെ പ്രകൃതത്തിൽ വലിയ സ്വാധീനം സൃഷ്ടിച്ചു. ഗവേഷണം തുടർന്നു കൊണ്ട്പോയി. സ്വപ്നത്തിന്റെ നിലവാരം ഉയർന്നു. 1897–ൽ ഞാൻ സ്വപ്നത്തിൽ കണ്ടു, ഹ: മസീഹ് മൗഊദ്(അ) എന്റെ മുന്നിലാണ്. എന്റെ മുഖം കിഴക്ക് ഭാഗത്തേക്കായിരുന്നു. ഹ: അഖ്ദസിന്റെ മുഖം എന്റെ നേരെയാണ്. ഖലീഫത്തുൽ മസീഹ് സാനി ഹദ്റത്ത് സാഹിബിന്റെ വലതു ഭാഗത്താണ്. അപ്പോൾ എന്റെ മനസ്സിൽ ഖലീഫ സാനിയുടെ വയസ്സ് എട്ടോ ഒമ്പതോ ആയിരുന്നു. ഹദ്റത്ത് അഖ്ദസ്സ് സാനിയുടെ നേരെ ആംഗ്യം കാണിച്ചു. ആദ്യത്തെ അഹ്മദ് ആരുടേയും സന്ദേശവാഹകനായിരുന്നില്ല. അതായത് മുമ്പത്തെ അഹ്മദ് സന്ദേശവാഹകനായിരുന്നു. പക്ഷെ പിന്തുടർന്ന സന്ദേശവാഹകനായിരുന്നില്ല. ആരെയും പിന്തുടർന്നല്ല വന്നത്. ഖലീഫത്തുൽ മസീഹ് സാനിയോട് ചോദിച്ചു. ഇപ്പോഴുള്ള അഹ്മദ് കൊണ്ട് ആരെയാണ് ഉദ്ദേശിക്കുന്നത്. അദ്ദേഹം ആംഗ്യത്തിലൂടെ പറഞ്ഞു ആ അഹ്മദ് താങ്കളാണ്. മുത്തബഗിയായ ദൂതൻ അതായത് ഈ അഹ്മദ് മുമ്പത്തെ അഹ്മദിന്റെ പിന്തുടർച്ചക്കാരനായി വന്നിരിക്കുന്നു. അതിനു ശേഷം ബൈഅത്തിന്നായി കത്തെഴുതി. കുറച്ച് ദിവസത്തിന് ശേഷം ഖാദിയാനിൽ പോവുകയും കൈകളിൽ ബൈഅത്ത് ചെയ്യുകയും ചെയ്തു.

ഹ: നിസാമുദ്ദീൻ സാഹിബ് വിവരിക്കുന്നു, ഹുസൂറിന് ദൂരദേശത്ത് നിന്ന് ഒരുപാട് കത്തുകൾ മുഖേന നബി തിരുമനസ്സിന്റെ അസ്സലാമു അലൈക്കും വ.വ. വരാറുണ്ടായിരുന്നു. നബി(സ) ഹദീസിൽ പറഞ്ഞത് പോലെ എന്റെ മസീഹിന് എന്റെ അസ്സലാമു അലൈക്കും എത്തിക്കുക എന്നതിന്റെ അടിസ്ഥാനത്തിൽ ദൂരദേശങ്ങളിലുള്ളവരിൽ നിന്നും അധികമായി എത്തിയിരിക്കുന്നു. എന്നാൽ പറയുന്നു, എന്നിൽ ഈ ചിന്ത ഉണ്ടായികൊണ്ടിരുന്നു. ഫാർസിയിലാണ് അദ്ദേഹം പറയുന്നു.

പീറാനാമെ ബർനന്ദ് മുരീദാനാമെ ബർനന്ദ്

പീർമാരേയും അറിവുള്ള ശിഷ്യന്മാരാണ് ഉയർത്തിയത്.

അതായത് ഹ: മസീഹ് മൗഊദ് (അ)ന്റെ മഹത്വം കൊണ്ടല്ല മറിച്ച് അവിടെകൂടിയിരിക്കുന്ന ആൾക്കൂട്ടം കാരണമാണ് അദ്ദേഹത്തിന്റെ പ്രശസ്തി വർദ്ധിക്കുന്നത്. അവസാനം വളരെ വിഷമത്തോട് കൂടി മസ്ജിദ് അഖ്സയിൽ ദുആ ചെയ്തു. അപ്പോൾ അല്ലാഹു സദഖയെന്നോണം ആദർശമായ ഒരു നിധി എന്നിൽ തുറന്നു. അത് എഴുതുന്നതിന്ന് ഒരു കടലാസ് ആവശ്യമാണ്. അപ്പോൾ തന്നെ ബൈഅത്ത് ചെയ്തു, ശാന്തിയും സമാധാനവും കൈവന്നു. വിഷമത്തോടെ ദുആ ചെയ്തു. അല്ലാഹു സമാധാനവും ശാന്തിയും ലഭ്യമാക്കുന്ന രീതിയിൽ ഹൃദയത്തെ ത്തുറന്നു. ബൈഅത്ത് ചെയ്തു, പൈശാചീകമായ ചിന്താഗതി പിന്നീട് മാറുകയുണ്ടായി.

ഹ: സയ്യിദ് വലായത്ത് സഹിബ് വിവരിക്കുന്നു, 1897–ൽ ഞാൻ സിയാൽകോട്ടിലെ അമേരിക്കൻ മിഷൻ ഹൈസ്കൂളിൽ അഞ്ചാം തരത്തിൽ വിദ്യാഭ്യാസം കരസ്ഥമാക്കുന്ന സന്ദർഭം. ആദ്യം ബോർഡിങ്ങ് ഹൈസ്കൂളിൽ താമസിച്ചു. പിന്നീട് ഇംഗ്ലീഷ് അദ്ധ്യാപകന്റെ ശുപാർശ മൂലം രണ്ട് ട്യൂട്ടർമാരെ നിയമിച്ചു. അതിലൊന്ന് ആഗാസാഹിബ്. താമസ സൗകര്യത്തിന്റെ മേൽനോട്ടം വഹിച്ചു. ഹ: മസീഹ് മൗഊദ് (അ)ന്റെ വാദത്തെ സംബന്ധിച്ച് കേട്ടിരുന്നു. പുരാതനാചാരങ്ങളിൽ തൽപരനല്ലാത്ത കാരണം അന്വേഷണത്തിലേക്ക് ശ്രദ്ധയുണ്ടായിരുന്നില്ല. എന്നാൽ ജനങ്ങൾക്കിടയിൽ നിന്ന് ഹ: മസീഹിനെ സംബന്ധിച്ച് തെറ്റായ കാര്യങ്ങൾ കേട്ടിരുന്നു. അങ്ങിനെ അദ്ദേഹത്തെ സംബന്ധിച്ച് ഹൃദയത്തിൽ വെറുപ്പ് ഉടലെടുത്തിരുന്നു. കുറച്ച് ദിവസങ്ങൾക്ക് ശേഷം നഗരത്തിൽ പ്ലേഗ് പടർന്നു പന്തലിച്ചു. അനേകം പേർ മരണമടയാൻ തുടങ്ങി. ഒരു ദിവസം ബസാറിലൂടെ ഒരു പാട് മയ്യത്തുകൾ കടന്നുപോകുന്നതായി കണ്ടു. അവരുടെ ബന്ധുക്കൾ ദുഃഖപ്രകടനം നടത്തികൊണ്ടിരുന്നു. ഈ സംഭവങ്ങളിൽ നിന്ന് ഈ പകരുന്ന രോഗം എനിക്കും ബാധിച്ചേക്കാം എന്ന ചിന്തയുണ്ടായി. ദൈവവിധിയാൽ മരണം സംഭവിക്കുകയാണെങ്കിൽ എന്നെപോലെ നിസ്സഹായകനായ മനുഷ്യൻ ദൈവസന്നിധിയിൽ എന്ത് നന്മയാണ് കാഴ്ച്ചവെക്കുക. വലിയ നന്മ പോയിട്ട് നഗരത്തിലുള്ള പള്ളിയിൽ ഖുർആൻ പാരായണം ചെയ്യാത്തത് കാരണം അതും മറന്നുപോയി. ഞാൻ ക്ലാസ്സിൽ ഒന്നാമതാണ് എന്നത് സത്യമാണ്. എന്നാൽ അവിടെ ഇതിനെക്കുറിച്ച് ചോദിക്കുകയില്ല. ഇംഗ്ലീഷിലും കണക്കിലും എത്രമാർക്കാണ് കരസ്ഥമാക്കിയത്. ഈ

ചിന്തയിൽ ഇത്ര ലജ്ജയുണ്ടായി. ഏതു വരെയെന്നാൽ എന്റെ ഹൃദയം പ്രതിജ്ജയെടുത്തു. ഖുർആൻ ആരിൽ നിന്നെങ്കിലും ആദ്യം മുതൽ അവസാനം വരെ പഠിക്കുന്നതാണ്. ആദ്യം സ്വയം ഖുർആൻ എടുത്ത് വായിച്ചു. എന്നാൽ വായിക്കുന്നത് ശരിയാണോ തെറ്റാണോ എന്നതിൽ ഉറപ്പുണ്ടായിരുന്നില്ല. പിന്നീട് പള്ളിയിലെ വല്ല മുല്ലയിൽ നിന്ന് പഠിക്കാം എന്നു വിചാരിച്ചു. എന്നാൽ ഇത്ര വലുതായിട്ടും ഖുർആൻ വായിക്കാൻ അറിയില്ലെ എന്നു ചോദിച്ചാലോ? എന്ന സംശയമുണ്ടായി. അവസാനം ഒരു പരിഹാരം കണ്ടു. അതായത് എവിടെയെങ്കിലും ഖുർആന്റെ ദർസ്സ് നടക്കുന്നുണ്ടെങ്കിൽ ഞാനും അവിടെപോയി ഖിറാഅത്ത് കേൾക്കുകയും തർജ്ജുമ പഠിക്കുന്നതാണ്. അന്വേഷണതിൽ നിന്ന് മനസ്സിലായി അഹ്മദിയ്യാ മസ്ജിദിൽ അല്ലാതെ മറ്റെവിടെയും തന്നെ ഖുർആന്റെ ദർസ്സ് നടക്കുന്നില്ല. ഞാൻ ഹൃദയത്തിൽ പറഞ്ഞു. നല്ലത്, ഖുർആൻ കേൾക്കുകയും എന്നാൽ അവരുടെ വിശ്വാസത്തിലേക്കും അവരുടെ ദീനിലേക്കും അല്പം പോലും ശ്രദ്ധ ചെലുത്തുന്നതല്ല. ഞാൻ പോകാൻ ആരംഭിച്ചപ്പോൾ ആഗാ സാഹിബ് തുടർന്ന് പറഞ്ഞു. നീ അവിടെ പോയാൽ നീ തീർച്ചയായും മിർസ്സായി ആകുന്നതാണ്. ഞാൻ അദ്ദേഹത്തിന് വാക്ക് നൽകി. ഞാൻ മിർസായി ആകുന്നതിനു വേണ്ടിയല്ല പോകുന്നത്. ഖുർആൻ കേൾക്കുന്നതിന് വേണ്ടിയാണ് പോവുന്നത്. അദ്ദേഹം സമ്മതിച്ചില്ല. എന്നാൽ അടുത്ത ദിവസം അവസരം നോക്കി അഹ്മദിയ്യാ മസ്ജിദിൽ എത്തി. ഹ: മീർ ഹാമിദ് സാഹിബ് ഷാഹ് മർഹൂമായിരുന്നു ആ ദിവസങ്ങളിൽ ദർസ്സ് നൽകിയിരുന്നത്. ഇടതടവില്ലാതെ എല്ലാ ദിവസവും ദർസ്സിൽ പങ്കെടുത്തു. യാഥാർത്ഥ്യങ്ങളും മഅ്രിഫത്തും ശ്രവിച്ചുകൊണ്ടേയിരിന്നു. ഹ: മൗലവി അബ്ദുൽ കരീം സാഹിബ് മർഹൂം ഖാദിയാനിൽ നിന്ന് ദർസ്സ് നൽകി. അദ്ദേഹത്തിന്റെ പ്രസക്തി കാരണം ഞങ്ങളുടെ അനഹ്മദീ ഉസ്താക്കന്മാരും ദർസ്സിൽ ഹാജരായിരുന്നു. അതായത് എന്നെ തബ്ലീഗൊന്നും ചെയ്തിരുന്നില്ല. ഖുർആന്റെ ദറസ്സിൽ തന്നെ എന്റെ എല്ലാ സംശയങ്ങളും വിദൂരപ്പെട്ടു. അഹ്മദിയ്യത്തിന്റെ മേലുള്ള എല്ലാ ആക്ഷേപങ്ങളും അടിസ്ഥാനരഹിതമാണെന്ന് മനസ്സിലായി. അതിൽ യാതൊരു സത്യവുമില്ല. അവസാനം ഞാൻ ഹദ്റത്ത് അഖ്ദസ്സിന്റെ സമക്ഷത്തിൽ ബൈഅത്തിന്നായുള്ള കത്തെഴുതി. കുറച്ച് ദിവസങ്ങൾക്ക് ശേഷം സ്വീകരിച്ചു കൊണ്ടുള്ള കത്ത് വന്നു. ഞാൻ സൗഭാഗ്യവാനായികൊണ്ട് അഹ്മദിയ്യത്തിന്റെ മടിതട്ടിൽ പ്രവേശിച്ചു. ഞാൻ നന്ദിസൂചകമായി ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. അല്ലാഹു എന്നെ ഉയർന്ന കുടുംബത്തിൽ ജനിപ്പിച്ചു. ഡോക്ടർ എന്ന വിദ്യ കരസ്ഥമാക്കുവാനുള്ള തൗഫീക്ക് നൽകി. എന്റെ അധിക ദുആയും സ്വീകരിക്കപ്പെടുകയുണ്ടായി. എല്ലാ ഉദ്ദേശ്യങ്ങളേയും പൂർത്തിയാക്കി. രിസ്ഖ് തന്നു. സന്താനങ്ങളെ നൽകി. എല്ലാത്തിനെക്കാളും മഹത്തരമായ അനുഗ്രഹം എന്നത് അവസാന കാലഘട്ടത്തിന്റെ ഇമാമയ ഹ: മസീഹ് മൗഊദ്(അ)നെ തിരിച്ചറിഞ്ഞുകൊണ്ട് അഹ്മദിയായി എന്നുള്ള അഭിമാനം കരസ്ഥമാക്കി. ആഗാസാഹിബിന്റെ വാക്ക് സത്യമായി പുലർന്നു. അദ്ദേഹം പറഞ്ഞിരുന്നു മിർസായി ആക്കുന്നതാണ്. പറയുന്നു, അല്ലാഹുത്താആല എന്നെ നേർമാർഗ്ഗത്തിലൂടെ ചരിപ്പിച്ചു എന്ന കാരണത്താൽ നന്ദിയുള്ളവനാണ്. ഈ ചില സംഭവങ്ങളാണ് ഞാൻ വിവരിച്ചത്.

ഈ സമയം ഞാൻ ഈ കാര്യം കൂടി പറയുന്നതാണ്. ജമാഅത്ത് പുരോഗതിയുടെ പടവുകൾ മറികടക്കുമ്പോൾ വിദ്വേഷികളുടേയും അക്രമികളുടേയും ദുഷ്പ്രവർത്തികളും വർദ്ധിച്ചു വരുന്നു. അവർ വിവിധരീതികളിലൂടെ ജമാഅത്തിന് നാശം വരുത്തുവാനുള്ള ശ്രമത്താലാണ്. ചില അവസരങ്ങളിൽ ഒളിഞ്ഞിരുന്നുകൊണ്ട് ചിലപ്പോൾ മുന്നിൽ പ്രത്യക്ഷപ്പെട്ടുകൊണ്ട് അക്രമം നടത്തുന്നു. ചിലപ്പോൾ സഹാനുഭൂതി കാണിച്ചുകൊണ്ട് അടിക്കാൻ ശ്രമിക്കുന്നു. അതു കൊണ്ട് ഓരോ അഹ്മദിക്കും ശത്രുക്കളുടെ എല്ലാ ദുഷ്പ്രവർത്തികളിൽ നിന്നും രക്ഷപ്രാപിക്കാനായി ഒരു പാട് ദുആ ചെയ്യേണ്ടതിന്റെ ആവശ്യമുണ്ട്.

اللهم إنا نجعلك في نحورهم ونعوذ بك من شرورهم എന്ന ദുആയും. رب كل شيء خادمك رب فاحفظني وانصرني وارحمني എന്ന ദുആയും. അതു കൂടാതെ മറ്റ് ദുആകളും ദൃഢവിശ്വസത്തിനായുള്ള ദുആ. ربنا أفرغ علينا صبرا وثبت أقدامنا وانصرنا على القوم الكافرين

ഈ മുഴുവൻ ദുആകളും **ദുറൂദെശരീഫി** (സ്വലാത്ത്)നെ സംബന്ധിച്ചും ഞാൻ പറഞ്ഞിരുന്നു. ഇവ ഒരുപാട് ചെയ്യേണ്ടതിന്റെ ആവശ്യകതയുണ്ട്. അങ്ങിനെ ശത്രുക്കളുടെ എല്ലാ വിധത്തിലുള്ള ഉപദ്രവത്തിൽ നിന്നും രക്ഷ പ്രാപിക്കുമാറാകട്ടെ. കഴിഞ്ഞ ദിവസങ്ങളിൽ ഇതുപോലെ ഏതോ ഒരു വിദ്വേഷവാഹകൻ ഫേസ്ബുക്കിൽ ഒരു വശത്ത് ബാബാനാനക്കിന്റെ ചിത്രവും മറുവശത്ത് ഹ: മസീഹ് മൗഊദിന്റെ ചിത്രവും നൽകി കൊണ്ട് വളരെ ദുഷിച്ച വിചാരത്തോടെ പ്രദർശിപ്പിച്ചുകൊണ്ട് ഹ:ബാബാനാനക്കിനെ സംബന്ധിച്ച് യാതൊരു പരിധികളുമില്ലാതെ അങ്ങേയറ്റം തെറ്റായതും ദുഷിച്ചതുമായ വാക്കുകൾ ഉപയോഗിച്ചു ചിത്രത്തിന്റെ മുകളിൽ എഴുതിയിരുന്നു. കൂടാതെ ഗുണനവും രേഖപ്പെടുത്തിയിരുന്നു. ഹ: മസീഹ്മൗഊദ് (അ)നെ കുറിച്ച് പ്രശംസനീയ വാക്കുകൾ എഴുതികൊണ്ട് താരതമ്യപ്പെടുത്തി. ഇതാണ് യാഥാർത്ഥ്യം, അതാണ് ഇതാണ് എന്നൊക്കെ. ആ ദൗത്യത്തിലൂടെ അവരുടെ ലക്ഷ്യം അക്രമവും വിദ്വേഷവും സൃഷ്ടിക്കലാണ്. ഹ: മസീഹ് മൗഊദ് (അ)നെക്കുറിച്ചുള്ള പ്രകീർത്തനം മഹിമ പറയലുകളല്ല, അവർ ലക്ഷ്യം വെച്ചിരുന്നത്. മറിച്ച് സിക്ക് സഹോദരൻമാരുടെ വികാരങ്ങളെ മുറിവേൽപ്പിക്കലായിരുന്നു. അതിലും വലിയ അക്രമം അവിടത്തെ ഒരു പത്രം ഈ കാര്യം പ്രസിദ്ധീകരിച്ചു എന്നതാണ്. ഇത് കാരണം ഖാദിയാനിലേയും പരിസരപ്രദേശങ്ങളിലേയും സിക്കുകാരിൽ വിദ്വേഷം ഉണ്ടായി. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹമുണ്ടായി. അവരുടെ നേതാക്കൾ ബുദ്ധിയുടേയും നീതിയുടേയും അടിസ്ഥാനത്തിൽ പ്രവർത്തിച്ചു കൊണ്ട് അവരുടെ ആവേശത്തെ തണുപ്പിച്ചു. അഹ്മദികൾ ഇങ്ങനെ ചെയ്യുകയില്ല. ഇത് തീർച്ചയായും ഒരു അക്രമിയുടേയോ ദുഷ്കർമ്മിയുടേയോ പ്രവർത്തനമാണ്. നമ്മെ തമ്മിലടിപ്പിക്കാനാണ് ഇങ്ങനെ ചെയ്തത്. ഖാദിയാനിലെ ഉയർന്ന സിക്കുകുടുംബങ്ങളിൽ നിന്നും എനിക്ക് കത്തുകൾ വന്നിരുന്നു. ഞങ്ങൾക്ക് ഉറപ്പാണ് അഹ്മദിയ്യാ ജമാഅത്തിന് എതിരാണ് പ്രവർത്തിച്ചിരിക്കുന്നത്. അതായത് വ്യക്തമാക്കുന്നത്, ഏതോ അഹ്മദി എഴുതി ജമാഅത്ത് പ്രസിദ്ധീകരിച്ചു എന്നാണ്. ഒരിക്കലും ഇത്ര മോശമായ പ്രവർത്തി ചെയ്യുകയില്ല. എന്തായാലും അവരുടെ വിവിധ സംഘടകളും

ജമാഅത്തും ഗവൺമെന്റിനോട് ഇത് കണ്ടുപിടിച്ച് അക്രമിക്ക് കഠിനശിക്ഷ നൽകാൻ ആവശ്യപ്പെട്ടു. അഹ്മദിയ്യാ ജമാഅത്തിന് എപ്പോഴും ഈ രീതിയാണ് ഉള്ളത്. ആരുടേയും വികാരത്തെ വെച്ചുകൊണ്ട് കളിക്കുകയില്ല. മതനേതാക്കൾ ഖുർആനീക അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ മറ്റു ബിംബങ്ങളെപ്പോലും ചീത്തപറയരുത് എന്നതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവരാണ്. ഹ: ബാബാഗുരു നാനക്കിന്റെ സ്ഥാനം ആദരണീയവും ബഹുമാനാർഹവുമാണ്. ജമാഅത്തിന്റെ പ്രസിദ്ധീകരണങ്ങളിലുമുണ്ട്. ഇതിനെ തുറന്ന രീതിയിൽ ഹ: മസീഹ് മൗഊദ് (അ) പ്രകീർത്ത പദങ്ങളിലൂടെ വിവരിച്ചിട്ടുണ്ട്. അദ്ദേഹത്തെ സംബന്ധിച്ച് ഒരു യഥാർത്ഥ അഹ്മദി ഇങ്ങനെയുള്ള മോശവും ചീത്തയുമായ വാക്കുകൾ ഉപയോഗിക്കുന്ന കാര്യം ചിന്തിക്കാൻപോലുമാവില്ല.

ഹ: മസീഹ് മൗഊദ് (അ) ഹ: ബാബാനാനക്ക് സാഹിബിനെ സംബന്ധിച്ച് ഒരു സ്ഥലത്ത് പറയുന്നു. ഹ: ബാബാനാനക്കിൽ സത്യത്തിന്റെയും സത്യാമ്പേഷിയുടേയും ആത്മാവ് നൽകിയത് എപ്പോഴെന്നാൽ പഞ്ചാബിൽ ആത്മീയത നഷ്ടപ്പെട്ടിരുന്നു. ഇതിൽ നിന്ന് തെളിയുന്നത്. സംശയം വിനാ ഏകനായ അസ്ഥിത്വത്തിലേക്ക് വലിച്ചടുപ്പിക്കുന്ന ദൈവദർശകരിൽപ്പെട്ട ആളായിരുന്നു.

മറ്റൊരു സ്ഥലത്ത് പറയുന്നു, എല്ലാ ദൈവഭക്തരിലും മുസ്ലിംകളിലും നിർബന്ധമാണ്, അദ്ദേഹത്തെ (ബാബാനാനക്കിനെ) ബഹുമാന ദൃഷ്ടിയോട് കൂടി നോക്കുക. പരിശുദ്ധജമാഅത്തിന്റെ അംഗമായി കണക്കാക്കുക. പിന്നീട് പറഞ്ഞു, ഏതൊരു സേവനത്തിന്നായാണ് നാം നിലനിൽക്കുന്നത് ആ സത്യസദ്ധമായ വെളിച്ചത്തെ പരത്തുന്നതിന്നായി ബാബാ സാഹിബ് സഹകരിച്ചു എന്ന കാര്യം സാക്ഷ്യം വഹിക്കേണ്ടതാണ്. നാം അതിന് നന്ദി കാണിക്കുന്നില്ലെങ്കിൽ സംശയംവിനാ നന്ദിയില്ലാത്തവരായി തീരുന്നതാണ്. ഹ: മസീഹ് മൗഊദ്(അ)ന്റെ ജോലിയെ ഹ: നാനക്കിന്റെ ജോലിയുമായി സദൃശ്യപ്പെടുത്തിയിരിക്കുന്നു. അതിനാൽ ഹ: ബാബാനാനക്കിന് എതിരായി മോശവാക്കുകൾ പ്രയോഗിക്കുന്നവൻ വിഢിയാണ്.

മറ്റൊരു സ്ഥലത്ത് അദ്ദേഹം പറയുന്നു, നമ്മുടെ നീതി നമ്മെ നിർബന്ധിക്കുന്നത് അല്ലാഹു തന്റെ കരങ്ങളാൽ പ്രകാശത്തിലേക്ക് അടുപ്പിച്ചിട്ടുള്ള തന്റെ പ്രിയപ്പെട്ട ദാസരിൽ ബാബാനാനക്കും അംഗമാണ് എന്ന കാര്യത്തിൽ സാക്ഷ്യം വഹിക്കുക എന്നാണ്. അദ്ദേഹം വീണ്ടും പറയുന്നു. ഞാൻ സിക്കുസഹോദരങ്ങളുമായി ഇക്കാര്യത്തിൽ ശരിവെക്കുന്നു. ബാബാനാനക്ക് യഥാർത്ഥത്തിൽ ദൈവത്തിന്റെ പ്രിയപ്പെട്ടവരിൽപ്പെട്ട ആളായിരുന്നു.

പറയുന്നു, ഈ വിളംബരം ജമാഅത്ത് അഹ്മദിയ്യ പ്രസിദ്ധീകരിച്ചിരുന്നു. ബാബാനാനക്ക് സാഹിബ് യഥാർത്ഥത്തിൽ ദൈവത്തിന്റെ പ്രിയപ്പെട്ട ദാസരിൽപെട്ടയാളാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ പ്രാപിച്ചിട്ടുള്ള ആളുകളിൽപെട്ട വ്യക്തിയായിരുന്നു. ദൈവകരങ്ങളാൽ ശുദ്ധീകരിക്കപ്പെട്ടിരുന്നു. ഞാൻ ആ മഹത്‌വ്യക്തികളെ വൃത്തികെട്ടതും മ്ലേഛവും മോശവുമായ വാക്കുകളാൽ സ്മരിക്കുന്നവരെ വൃത്തികെട്ടവരും ദുഷിച്ചവരുമായി കണക്കാക്കുന്നു. രാജാ രാമചന്ദ്രൻ, കൃഷ്ണൻ എല്ലാവരും ദൈവത്തിൽ നിന്ന് ആഗതരായിട്ടുള്ള പരിശുദ്ധ വ്യക്തികളായിരുന്നു. ഈ ചിത്രം ആരാണ് ഉണ്ടാക്കിയത്, അക്രമത്തിനും ലഹളകൾക്കും വേണ്ടിയാണ് എല്ലാം ചെയ്തിരിക്കുന്നത്. ഖാദിയാനിലെ ജമാഅത്ത് ഇത് പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു, യാഥാർത്ഥ്യം ഇതു തന്നെയാണ്. ഹ: മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണികളിൽ നിന്ന് വ്യക്തമാകുന്നതും ഇതു തന്നെയാണ്. നമ്മുടെ വീക്ഷണത്തിൽ ഹ: ബാബാനാനക്കിന്റെ സ്ഥാനം വളരെ ഉയർന്നതാണ്. നാം അദ്ദേഹത്തെ ബഹുമാനത്തിന്റെയും മഹത്വത്തിന്റെയും ദൃഷ്ടിയാലാണ് നോക്കികാണുന്നത്. അല്ലാഹു തന്റെ അനുഗ്രഹത്താൽ എല്ലാവിധ അക്രമങ്ങളിൽ നിന്നും ഖാദിയാനേയും അതിന്റെ അന്തരീക്ഷത്തേയും സംരക്ഷിക്കുമാറാകട്ടെ. ശത്രുക്കളുടെ ലക്ഷ്യം പരാജിതവുമാക്കി തീർക്കട്ടെ.

ഈ സമയം ഞാൻ ചില വഫാത്തായവരെ കുറിച്ച് പറയുന്നതാണ്. ജുമുആ നമസ്ക്കാരത്തിന് ശേഷം അവരുടെ ജനാസ നമസ്സ്കാരവും നിർവഹിക്കുന്നതാണ്. ആദ്യത്തെ ജനാസ അബ്ദുറസ്സാഖ് ഭട്ട് സാഹിബിന്റെതാണ്. 2012 ഒക്ടോബർ 6-ന് 65-ാമത്തെ വയസ്സിൽ വഫാത്തായി إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ മുബല്ലിഗായിരുന്നു, മൂസിയായിരുന്നു. അദ്ദേഹത്തിന്റെ ജനാസ നമസ്ക്കാരം ഇവിടത്തെ സദർ അഞ്ചുമൻ അഹ്മദിയ്യായിൽ നിർവഹിക്കപ്പെട്ടു. മരുന്നിന്റെ തെറ്റായ ഉപയോഗം കാരണം അദ്ദേഹത്തിന്റെ ഹൃദയത്തിന് ബാധിക്കുകയും വഫാത്താകുകയുമാണ് ഉണ്ടായത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആരോഗ്യവാനായിരുന്നു. ഇദ്ദേഹത്തിന്റെ പിതാവിന്റെ പേര് ഗുലാം മുഹമ്മദ് കശ്മീരി എന്നായിരുന്നു. അദ്ദേഹം ഗുജറാത്തിൽ താമസിക്കുന്ന വ്യക്തിയായിരുന്നു. ബാല്യത്തിൽ തന്നെ അദ്ദേഹത്തിന്റെ പിതാവ് നമസ്ക്കാര ശീലമുള്ള വ്യക്തിയായിരുന്നു. ഈ കാരണത്താൽ തന്റെ നാട്ടിൽ മൗലവി എന്നു വിളിക്കപ്പെട്ടു. 1930-ൽ ആണ് അദ്ദേഹം ബൈഅത്ത് ചെയ്തത്. ബൈഅത്ത് ചെയ്തപ്പോൾ ഭാര്യ അദ്ദേഹത്തെ ഉപേക്ഷിച്ചു. അനഹ്മദിയായ ഒരു പരിചാരിക അവരോട് ചോദിച്ചു. അഹ്മദിയായികൊണ്ട് നമസ്ക്കരിക്കുന്നത് ഉപേക്ഷിച്ചോ? അദ്ദേഹത്തിന്റെ ഭാര്യ (റസ്സാഖ് ഭട്ട് സാഹിബിന്റെ മാതാവ്) പറഞ്ഞു. മുമ്പത്തേക്കാൾ ഉപരിയായി നിർവഹിക്കുവാൻ തുടങ്ങിയിരിക്കുന്നു. പിന്നെ എങ്ങിനെയാണ് കാഫിറായത് എന്ന് അവർ ചോദിച്ചു. എന്തായാലും അവർ തിരിച്ചു വന്നു. സ്വാതീകയായിരുന്നു. അബ്ദുല്ലാഹ് ഭട്ട് സാഹിബ് പ്രാഥമീക വിദ്യാഭ്യാസം ഗുജറാത്തിലെ ആലംഗഢിൽ കരസ്ഥമാക്കി. 1971-ൽ ജാമിയായിൽ നിന്ന് പഠനം പൂർത്തിയാക്കി. മുറബ്ബിയായി പാക്കിസ്ഥാനിലെ വ്യത്യസ്ഥ സ്ഥലങ്ങളിൽ സേവനം അനുഷ്ഠിച്ചു. 1975-ൽ ഘാനയിൽ അദ്ദേഹത്തിന്റെ നിയമനമുണ്ടായി. അവിടേയും വ്യത്യസ്ഥ സ്ഥലങ്ങളിൽ അദ്ദേഹം സേവനം നിർവഹിച്ചു. 1979 മുതൽ 1989 വരെ അഹ്മദിയ്യാ മിഷൻ ട്രൈനിങ്ങ് കോളേജിൽ പ്രിൻസിപ്പളായും സേവനം അനുഷ്ഠിക്കാൻ തൗഫീക്ക് ലഭിച്ചു. അതിനു ശേഷം 89-ൽ പാക്കിസ്ഥാനിലേക്ക് തിരിച്ചു വന്നു. പാക്കിസ്ഥാനിൽ പല സ്ഥലങ്ങളിൽ മുറബിയായി സേവനമനുഷ്ഠിച്ചു. ഇസ്‌ലാഹ്-വ-ഇർഷാദ് മർക്കസിയ്യായുടെ കീഴിൽ നവഅഹ്മദികളുടെ ശിക്ഷണകാര്യങ്ങളിലും സേവനമനുഷ്ഠിക്കാൻ തൗഫീക്ക് ലഭിച്ചു. ഇസ്‌ലാഹ് കമ്മിറ്റിയിലും അംഗമായിരുന്നു. ഇസ്‌ലാഹ് കമ്മിറ്റിയിലും വിജയം കൈവരിച്ചിരുന്നു. മനസ്സിലാക്കുന്നതിലും പറയുന്നതിലുമുള്ള

ശൈലി വളരേ മനോഹരമായിരുന്നു. ഇദ്ദേഹത്തിന്റെ ഭാര്യാ സഹോദരൻ മുബാറക്ക് താഹിർ സാഹിബ് നുസ്റത്ത് ജഹാൻ സെക്രട്ടറി ആയിരുന്നു. അദ്ദേഹം എഴുതുന്നു, തന്റെ സഹോദരി അമത്തുന്നൂർ സാഹിബക്കായി ഭട്ട് സാഹിബിന്റെ വിവാഹബന്ധം വന്നപ്പോൾ എന്റെ പിതാമഹൻ ഹ: മൗലാന മുനവ്വർ സാഹിബ് അപ്പോൾ ഹദീഖത്തുൽ മുബശിറിന്റെ സെക്രട്ടറി ശേഖ് മുബാറക്ക് അഹ്മദ് സാഹിബായിരുന്നു. അദ്ദേഹത്തോട് അഭിപ്രായം ആരാഞ്ഞു. ഇദ്ദേഹം ജോലിയിൽ എങ്ങിനെയാണ്. ശൈഖ് സാഹിബ് പറഞ്ഞു, വളരെ നല്ലരീതിയിൽ നിർവഹിക്കുന്നു. അദ്ദേഹത്തിന്റെ റിപ്പോർട്ട് സന്തോഷമുളവാക്കുന്നതും തൃപ്തികരവുമാണ്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പറയുന്നു, പിതാവ് ഈ വിവാഹബന്ധം നിശ്ചയിച്ചു. ഞാൻ കണ്ടിട്ടുള്ള ഘാനയിൽ ജോലിക്കാരിൽ വളരെ കുറച്ച് പേർ മാത്രമാണ് ഇത്ര നിസ്വാർത്ഥരായി പ്രവർത്തിച്ചിരുന്നത്. ഘാനയിൽ ഇദ്ദേഹം ജോലി ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്. വലരെ ചുരുക്കം പേർക്ക് മാത്രമേ ഇത്ര നിസ്വാർത്ഥമായി പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. ഭാര്യാമക്കളോട് സുഹൃത്ത് ബന്ധമായിരുന്നു. ജുമുആ ദിവസം എല്ലാ പെൺകുട്ടികളേയും വീട്ടിലേക്ക് ക്ഷണിക്കുകയും, ഒരുമിച്ചിരുന്നുകൊണ്ട് ഖുത്ബ കേൾക്കുകയും ചെയ്യും. മാതാവിനെ അധികമായി സേവിച്ചിരുന്നു. തന്റെ ഹിദായത്തിന്റെ പിന്നിൽ മാതാവായിരുന്നു എന്ന് എപ്പോഴും പറയുമായിരുന്നു. തന്റെ സന്താനങ്ങളേയും എപ്പോഴും നമസ്ക്കാരത്തിലേക്കും ദുആയിലേക്കും ശ്രദ്ധ ക്ഷണിച്ചു കൊണ്ടിരുന്നു. നമസ്കരിക്കുന്ന സന്താനങ്ങളോട് മറ്റുള്ളവരെക്കാൾ അധിക സ്നേഹത്തോടും വാത്സല്ല്യത്തോടും കൂടി സന്തോഷം പ്രകടിപ്പിക്കുമായിരുന്നു. ഇദ്ദേഹത്തിന് പെൺകുട്ടികളുണ്ടായിരുന്നു, മകളുടെ വിവാഹ ആലോചന വന്നപ്പോൾ. ആരാണ് ഈക്കുട്ടർ എന്ന ചോദ്യത്തിന് ഒരു ഉത്തരം മാത്രമേ നൽകിയിരുന്നുള്ളൂ. -ഭൗതീക കാര്യങ്ങൾക്ക് കൂടുതൽ പരിഗണന നൽകുന്നവർക്ക് ഇതിൽ ഒരു പാഠമുണ്ട്-. എപ്പോഴും പറയാറുള്ളത് പയ്യൻ നമസ്കാര ശീലമുള്ള ചന്ദ നൽകുന്നവനാണ്. പിന്നെ എന്താണ് വേണ്ടത്, ഇതും പറയുമായിരുന്നു. തന്റെ മക്കൾക്ക് ഭാഗ്യമുണ്ടെങ്കിൽ ഐശ്വര്യം വന്നു നിറയുന്നതാണ്. ഇല്ലെങ്കിൽ ഒരുപാട് പെൺകുട്ടികൾ സന്തുഷ്ടവീടുകളെപോലും ശൂന്യമാക്കുന്നു. ഖിലാഫത്തിനോട് ആത്മാർത്ഥബന്ധമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മകനെതിരെ ചില കാരണങ്ങളാൽ ജമാഅത്ത് ശിക്ഷാനടപടി സ്വീകരിച്ചു. അക്കാലമത്രയും അവനോട് അദ്ദേഹം സംസാരിച്ചിരുന്നില്ല. പറയുമായിരുന്നു, കാലത്തിന്റെ ഖലീഫയുടെ നീരസത്തിന് പാത്രമായ ഒരാളോട് ഞാൻ എങ്ങനെയാണ് സംസാരിക്കുന്നത്. ഇവിടെ 2009-ൽ വന്നിരുന്നു. തന്റെ മകനെ ശിക്ഷിച്ചതായി പറയുകയോ, സൂചനയോട് കൂടി സംസാരിച്ചത് പോലുമില്ല. അവനോട് ക്ഷമിക്കുക, അല്ലെങ്കിൽ അത് ശരിയല്ല, തെറ്റാണ് എന്നും പറഞ്ഞില്ല. എന്നാൽ പറഞ്ഞത്, ദുആ ചെയ്യുക. അല്ലാഹു അവന് ബുദ്ധിനൽകട്ടെ എന്നാണ്. എപ്പോഴും ജമാഅത്ത് വ്യവസ്ഥിതിയോട് ചേർന്ന് ഖിലാഫത്തിനോട് ബന്ധപ്പെട്ടിരിക്കാൻ സന്താനങ്ങളെ ഉപദേശിച്ചു കൊണ്ടിരുന്നു. ഖുത്ബ കേൾക്കുന്നതിൽ ശ്രദ്ധയുണ്ടായിരുന്ന കാര്യം ഞാൻ പറഞ്ഞിരുന്നു. ശബ്ദമുണ്ടാക്കിയാൽ അതിനെ മോശമായി കണക്കാക്കിയിരുന്നു. രോഗാവസ്ഥയിലും അവധി എടുത്തിരുന്നില്ല. അവധിയെപറ്റി ആരെങ്കിലും പറഞ്ഞാൽ ഓഫീസിൽ പോയാൽ ശരിയാകും എന്നായിരുന്നു മറുപടി. മക്കൾ എന്തെങ്കിലും ആവശ്യപ്പെട്ടാൽ അവധിയെ സംബന്ധിച്ച് പറഞ്ഞാൽ എന്റെ മുഴുവൻ ജീവിതവും ജമാഅത്തിന്നായി വഖ്ഫാണെന്ന് പറയുമായിരുന്നു. ഈ വാക്കുകൾ സാധാരണ വാക്കുകളായിരുന്നില്ല. മറിച്ച് ഓരോ നിമിഷവും ജമാഅത്തിന്റെ സേവനത്തിന്നായി അർപ്പിച്ചിരുന്നു. അത് ചെയ്ത് കാണിക്കുകയും ചെയ്തു. ഞാൻ അദ്ദേഹത്തോടൊപ്പം താമസിച്ച കാര്യം പറഞ്ഞിരുന്നു. അന്നത്തെ സാഹചര്യം ഇന്നത്തെപ്പോലെ ആയിരുന്നില്ല. വളരേ ബുദ്ധിമുട്ടുള്ള കാലഘട്ടമായിരുന്നു. എന്നാൽ വളരേ സന്തോഷത്തോടെ തന്റെ നാളുകൾ അദ്ദേഹം കഴിച്ചുകൂട്ടി. രോഗങ്ങൾ ഒരുപാട് പിടിപെട്ടു. മലേറിയ വന്നു ആശുപത്രിയിൽ പ്രവേശിപ്പിച്ചു. എപ്പോഴാണ് സുഖം പ്രാപിക്കുന്നത് ഉടൻ തന്നെ തന്റെ ജോലിയിൽ വ്യപൃതനായിരുന്നു. അവിടെ അഫ്രിക്കയിലെ ജനങ്ങളോടുള്ള സ്നേഹാദരവ് കാരണത്താൽ ആകർഷിതരായിരുന്നു. അദ്ദേഹം ആദ്യം മിഷനറിയായിരുന്നപ്പോഴാണ് ഞാൻ അവിടെ പോയത്. പിന്നെ അദ്ദേഹം ഒരുപാട് വസ്തുക്കളെ സംബന്ധിച്ചും കാര്യങ്ങളെക്കുറിച്ചും പറയുകയും മനസ്സിലാക്കിത്തരികയും ചെയ്തു. എന്നെ വളരെയധികം സഹായിച്ചു കൊണ്ടേയിരുന്നു. അല്ലാഹു അദ്ദേഹത്തോട് സ്നേഹനിബിഡമായ ബന്ധം കാണിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ മേൽ കാരുണ്യവും അനുഗ്രഹവും വർഷിക്കുമാറാകട്ടെ. തന്റെ പ്രിയപ്പെട്ടവർക്കിടയിൽ സ്ഥാനം നൽകുമാറാകട്ടെ. ഭാര്യാമക്കൾക്ക് ക്ഷമയും സഹനവും കാരുണ്യവും ചൊരിയുമാറാകട്ടെ. ഒരു മകൾ ഡറാടൂണിലെ മുബല്ലിഗിന്റെ ഭാര്യയാണ്. അതുകാരണം ജനാസയിൽ പങ്കെടുക്കാൻ സാധിച്ചില്ല. അല്ലാഹു ഏവർക്കും ക്ഷമയും സഹനവും പ്രധാനം ചെയ്യട്ടെ.

രണ്ടാമത്തെ ജനാസ ഞാൻ നിർവഹിക്കുന്നത് ബഹുമാനപ്പെട്ട ഡോ: ഹമീദ മുനീറ സാഹിബയുടേതാണ്. 75-ാമത്തെ വയസ്സിൽ 2012 ഒക്ടോബർ 8-ാം തിയ്യതി കാനഡയിൽ വഫാത്തായി. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْنَ 1964-ൽ ലാഹോറിലെ മെഡിക്കൽ കോളേജിൽ നിന്ന് എം.ബി.ബി.എസ്സ് ചെയ്തു. ഹൗസ് ജോബിന് ശേഷം ഉയർച്ച കൈവരിച്ചതിന് ശേഷം ഫസലെ ഉമർ ഹോസ്പിറ്റലിൽ ഗൈനക്കോളജിസ്റ്റിന്റെ ആവശ്യകത മൂലം റബ്വയിലേക്ക് പോയി. 1965 മുതൽ ഫസലെ ഉമർ ഹോസ്പിറ്റലിൽ സേവനം അനുഷ്ഠിച്ചു. വളരേ ദീർഘമായ സേവനമാണ് ഇവർക്കുള്ളത്. ഇവരുടെ സേവന സംഭവങ്ങൾ വിവരിക്കുകയാണെങ്കിൽ ഒരു ഖുത്ബ വേണ്ടിവരും എന്നാണ് തോന്നുന്നത്. ഒരു പക്ഷെ അതിലും കൂടാം. 1964-ൽ ലാഹോറിലെ എച്ച്.സി.എൻ ഹോസ്പിറ്റലിൽ ഹൗസ് ജോബ് ചെയ്യുകയായിരുന്നു. ഈ അവസരത്തിൽ ലണ്ടനിൽ ജോലിക്കായി അപേക്ഷ നൽകുകയും അഡ്മിഷൻ ലഭിക്കുകയും ചെയ്തു. ടിക്കറ്റിന്റെ സംവിധാനവും ശരിയായി. ലണ്ടനിൽ പോകാനുള്ള എല്ലാ തയ്യാറെടുപ്പും പൂർത്തിയാക്കി. അടുത്ത ദിവസം വീട്ടിൽ വന്ന അൽ ഫസലിൽ ഫസലെ ഉമർ ഹോസ്പിറ്റലിലേക്ക് ഒരു ലേഡീഡോക്ടറെ ആവശ്യമുണ്ട് എന്ന് പരസ്യം കാണാൻ ഇടയായി. അതോടൊപ്പം ഹ: ഖലീഫത്തുൽ മസീഹ് സാനിയുടെ സന്ദേശവും ഉണ്ടായിരുന്നു. ഒരു പക്ഷെ അഹ്മദീലേഡീഡോക്ടറേ ലഭി

ക്കുന്നില്ല എങ്കിൽ ഏതെങ്കിലും ക്രിസ്ത്യൻ ഡോക്ടർക്കുള്ള ഏർപ്പാട് ഫസലെ ഉമർ ഹോസ്പിറ്റലിൽ ചെയ്ത് കൊള്ളുക. ഇവർ ലണ്ടനിൽ പോവുന്നത് ക്യാൻസൽ ചെയ്തു. വീട്ടിൽ ബുദ്ധിമുട്ട് ഉണ്ടായിട്ട് കൂടി. പത്ത് സഹോദരീ സഹോദരൻമാരായിരുന്നു. പിതാവ് സ്റ്റേഷൻ ഓഫീസർ ആയിരുന്നിട്ട് കൂടി വീട്ടിൽ സാമ്പത്തിക ബുദ്ധിമുട്ട് നേരിട്ടിരുന്നു. പിതാവ് കടം വാങ്ങിയാണ് ഇവരെ എം.ബി.ബി.എസ്സ് പഠിപ്പിച്ചത്. ഈ സാഹചര്യങ്ങൾ ഉണ്ടായിരുന്നിട്ട് കൂടി അതേ ദിവസം ലാഹോറിൽ നിന്ന് റബ്വയിലേക്ക് പോകുന്നതിനുള്ള തയ്യാറെടുപ്പ് നടത്തി. ഏത് ഹോസ്പിറ്റലിലാണ് ഹൗസ്ജോബ് ചെയ്തിരുന്നത് അവിടത്തെ എം.എസിനോട് അനുവാദം ചോദിച്ചപ്പോൾ എം.എസ് ചോദിച്ചു. എന്തിന് വേണ്ടിയാണ് പോകുന്നത്? നിനക്ക് എത്ര ശമ്പളമാണ് ലഭിക്കുക? ഡോക്ടർ ഫമീദ സാഹിബ പറഞ്ഞു, മാസന്തോറും ഏകദേശം 200-300 രൂപ വരെ ലഭിക്കുന്നതാണ്. എം.എസ് പറഞ്ഞു, ഞാൻ നിനക്ക് 550 രൂപ വരെ ലഭിക്കുന്ന സംവിധാനം ഒരുക്കാം. ലാഹോർ വിട്ട് പോകരുത്. നിങ്ങളുടെ മുമ്പോട്ടുള്ള ജീവിതം ഈ ഹൗസ് ജോബുമായി ബന്ധപ്പെട്ടിരിക്കുകയാണ്. അവർ ഇത് സ്വീകരിച്ചില്ല. ഞാൻ പൈസക്ക് വേണ്ടിയല്ല പോകുന്നത്. എന്റെ കൈവശം ലണ്ടനിലേക്കുള്ള അഡ്മിഷനും ടിക്കറ്റിനുമുള്ള സംവിധാനം ആയതാണ്. എന്നാൽ ഇത് മുഴുവൻ ഉപേക്ഷിച്ചാണ് ഞാൻ റബ്വയിലേക്ക് പോകുന്നത്. അപ്പോൾ എം.എസ് പറഞ്ഞു. താങ്കൾ വളരെ ശ്രേഷ്ടയായ സ്ത്രീയാകുന്നു. ജമാഅത്തിനായി തന്റെ ഭാവിയെ ബുദ്ധിമുട്ടിലകപ്പെടുത്തിയിരിക്കുന്നു. എം.എസ് അവർക്ക് മികവുറ്റ ഹൗസ് ജോബ് സംബന്ധമായ സർട്ടിഫിക്കറ്റ് നൽകി. 1964 വരെ ഫസലെ ഉമർ ഹോസ്പിറ്റലിൽ ലേഡീഡേക്ടറായി സേവനം അനുഷ്ടിക്കാനുള്ള തൗഫീക്ക് ലഭിച്ചു. ആ കാലഘട്ടത്തിൽ റബ്വയിൽ ലേഡീഡോക്ടറായി ആരും തന്നെ ഉണ്ടായിരുന്നില്ല. അതുപോലെ സമീപപ്രദേശങ്ങളിലും ആരും തന്നെ ഉണ്ടായിരുന്നില്ല. ഒരു വലിയ ഭാഗമായിരുന്നു ആ കാലഘട്ടത്തിൽ അവർ ഒറ്റക്ക്നിയന്ത്രിച്ചിരുന്നത്. രാത്രിയിൽ ശിശിരമായാലും വേനലായാലും രണ്ട് മണിക്കാണ് രോഗി വരുന്നത് എങ്കിൽ കിടക്ക ഉപേക്ഷിച്ച്, രോഗിയെ ശ്രുശ്രൂഷിക്കാനായി പോയിരുന്നു. ഇതു സംബന്ധിച്ച് പറയപ്പെടുന്നു, വലീമ ദിവസം സ്റ്റേജിൽ മണവാട്ടിയായി കൊണ്ട് ഇരിക്കുകയായിരുന്നു. അപ്പോൾ ഹോസ്പിറ്റലിൽ നിന്നും എമർജൻസിയാണ് എന്ന് പറഞ്ഞ് വിളി വന്നു. അതേ വസ്ത്രത്തിൽ അവിടെ നിന്ന് എഴുന്നേറ്റ് ഹോസ്പിറ്റലിലേക്ക് പോയി. അതിഥികൾ അവരെ കൂടാതെ ഭക്ഷണം കഴിച്ചു. എന്തുതന്നെയായാലും ഇവർ ത്യാഗത്തിന്റെ ഉന്നതനിലവാരത്തോടുകൂടി തന്റെ വഖ്ഫിന്റെ കടമ നിർവഹിച്ചു. അല്ലാഹു തആല മറ്റ് വഖ്ഫീനുകൾക്കും താങ്കളുടെ കടമ നിറവേറ്റാനുള്ള തൗഫീക്ക് നൽകുമാറാകട്ടെ. ദരിദ്രരെ വളരെയധികം സഹായിച്ചിരുന്നു. സൗജന്യമായി ചികിൽസിച്ചിരുന്നു. ആ പ്രദേശത്തെ രീതിയാണ്, കള്ളം പറഞ്ഞ് കൊണ്ട് തന്റെ പ്രയാസത്തെ അവതരിപ്പിക്കുക എന്നത്. അവർ അത് സത്യമാണോ അസത്യമാണോ എന്ന് അന്വേഷിക്കാതെ ആളുകൾ പറയുന്നത് വിശ്വസിച്ചുകൊണ്ട് സൗജന്യമായി അവരെ ചികിത്സിക്കുകയും മരുന്ന് നൽകുകയും ചെയ്യാറുണ്ടായിരുന്നു. അവരുടെ ഭർത്താവ് പറയുന്നു. ചില അവസരങ്ങളിൽ രാത്രി അവർ ഡ്യൂട്ടിക്ക് പോയി തിരിച്ചുവരുന്നത് ഞാൻ ജോലിക്ക് പോകുന്ന സമയത്തായിരിക്കും. ഹ: ഖലീഫ ത്തുൽ മസീഹ് സാലിസ് പർദ്ദയുടെ ഉദാഹരണത്തിന്നായി ഇവരെക്കുറിച്ച് മജ്‌ലിസെ ശൂറയിൽ പറയുകയുണ്ടായി. പർദ്ദയിൽ നിന്നുകൊണ്ട് ജോലി ചെയ്യുന്നത് എങ്ങിനെ എന്ന് പഠിക്കണം എങ്കിൽ ഇവരെ കണ്ട് പഠിക്കുക. ഹ: ഖലീഫത്തുൽ മസീഹ് റാബിഉം ഇവരെ സംബന്ധിച്ച് ഇവരെ സംബന്ധിച്ച് വളരെയധികം ത്യാഗം ചെയ്യുന്ന വനിത ആയിരുന്നു എന്ന് പറഞ്ഞിരുന്നു. വളരെ കുറച്ച് ആളുകൾക്കാണ് ഇത്തരം സൗഭാഗ്യം ലഭിക്കുന്നത്. 1946-ൽ ഹോസ്പിറ്റലിൽ ജോലിക്ക് പ്രവേശിച്ചപ്പോൾ ഹ:ഖലീഫത്തുൽ മസീഹ് സാനിയെ സന്ദർശിക്കാൻ പോവുകയുണ്ടായി. അവിടെ വെച്ച് അദ്ദേഹത്തോട് അമത്തുൽ മത്തീൻ സാഹിബ പറയുകയുണ്ടായി. ഫസലെ ഉമർ ഹോസ്പിറ്റലിലെ പുതിയ ലേഡിഡോക്ടർ വന്നിട്ടുണ്ട്. ഖലീഫ സാനി ഉടൻ തന്നെ അൽഹംദുലില്ലാഹ് പറഞ്ഞു കൊണ്ട് ദുആ ചെയ്യുകയുണ്ടായി. ഖലീഫ സാനിയുമായുള്ള സന്ദർശനവേളയിൽ ഇഅ്തികാഫിനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. അപ്പോൾ ഹുസൂർ പറഞ്ഞു, രോഗികളെ പരിചരിക്കുക, ഞാൻ നിങ്ങൾക്കായി ഒരുപാട് ദുആ ചെയ്യുന്നതാണ്. ഇതാണ് നിങ്ങളുടെ ഇഅ്തികാഫ്. ഖിലാഫത്തുമായി ദൃഢമായ ബന്ധമായിരുന്നു. വളരെ ധീരവനിതയായിരുന്നു. ഹ: ഖലീഫത്തുൽ മസീഹ് റാബിഇന് അവരുടെ കവിതകൾ വളരെ പ്രിയങ്കരമായിരുന്നു. ഒരു ഡോക്ടർ മാത്രമായിരുന്നില്ല, ഒരു കവയത്രി കൂടിയായിരുന്നു. ഇവരുടെ ഏഴ് നല്ല കവിതാ സമാഹാരങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഹിജ്റത്തിന് ശേഷം ഖലീഫത്തുൽ മസീഹ് റാബിഅ് ഇവിടെ വന്നപ്പോൾ ഒരു കവിത എഴുതി അയക്കുകയുണ്ടായി. അതിലെ രണ്ട് വരി ഇതാണ്.

ഒരുപാട് നാളായി വീട് പൂട്ടികിടക്കുകയാണ്.
തന്റെ വീട്ടിലേക്ക് വരാൻ അവനോട് പറയുക.

ഹുസൂർ ഈ വരികളെ വളരെയധികം പ്രശംസിച്ചു, പറഞ്ഞു, ഡോക്ടർ ഫഹ്മിതയുടെ ഈ കളങ്കരഹിമായ വഴക്ക് പറച്ചിലും വളരെ ഇഷ്ടപ്പെട്ടു. ഇവർ തന്റെ സന്താനങ്ങളോടും സഹോദരങ്ങളോടും പറയുമായിരുന്നു. ഭൂമിയിൽ അന്തസ്സ് നേടണം എന്ന് ആഗ്രഹിക്കുന്നു എങ്കിൽ ഖിലാഫത്തുമായുള്ള ബന്ധത്തിൽ തന്റെ അസ്ഥിത്വത്തെ ഇല്ലാതാക്കുക. ഡോക്ടർ നുസ്റത്ത് ജഹാൻ സാഹിബ ഇപ്പോഴത്തെ ഫസലെ ഉമർ ഹോസ്പിറ്റലിലെ ഇൻചാർജാണ്. പറയുന്നു, ഇവർ സഹനശീലമുള്ളവരും സൽസ്വഭാവിയുമായ വനിതയായിരുന്നു. ആ കാലഘട്ടത്തിൽ പ്രതികൂലസാഹചര്യമായിരുന്നു. സൗകര്യങ്ങൾ കുറവായിരുന്നു. എന്നിട്ട് കൂടി കഠിനാധ്വാനത്തോടും താത്പര്യത്തോടും കൂടി പ്രവർത്തിച്ചിരുന്നു. തന്റെ ജോലിയിൽ പ്രാവീണ്യമുള്ളവരായിരുന്നു. രോഗികളുമായി വളരെയധികം സ്നേഹത്തോട് കൂടി വർത്തിച്ചിരുന്നു. രോഗികൾ ഇന്നും അവരെ സ്മരിക്കുന്നു. ഇപ്പോഴുള്ള നുസ്റത്ത് സാഹിബയും വഖ്ഫിന്റെ ആത്മാവ് ഉൾകൊണ്ട് കൊണ്ട് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. അല്ലാഹു അവരുടെ പ്രവർത്തനങ്ങളിൽ അനുഗ്രഹം ചൊരിയുമാറാകട്ടെ. ഫസലെ ഉമർ ആശുപത്രിയിൽ ഡോക്ടർമാരുടെ കുറവ് നികത്തുമാറാകട്ടെ. കുറച്ച് ഡോക്ടർമാർ അവിടെയുണ്ട്. അവരുടെ കരങ്ങളിൽ ശിഫാ വെക്കുമാറാകട്ടെ. അവർക്ക് ധൈര്യവും

നൽകുമാറാകട്ടെ. നുസ്റത്ത് ജഹാം സാഹിബയും ദുആക്ക് ആവശ്യക്കാരിയാണ്. ഒരിക്കൽ അവിടെ കവിതാരചനാ മത്സരം നടക്കുകയുണ്ടായി. അതിൽ പേരും വിലാസവും രേഖപ്പെടുത്തണമായിരുന്നു. വളരെ വിനീതപരമായ സ്ത്രീയായിരുന്നു. അവർ അവസാനം പേര് വിലാസത്തിന്റെ സ്ഥലത്ത് എഴുതി. സൃഷ്ടിസേവനം എഴുതൽ, എഴുതിപ്പിക്കൽ, വീട്ടുജോലി, ശുഭപര്യവസാനത്തിന് ദുആയോട് കൂടി. ഇത് വെറും വാക്കുകളല്ല. ഞാൻ മുമ്പ് പറഞ്ഞത് പോലെ നിസ്വാർത്ഥമായ സേവനങ്ങൾ അനുഷ്ഠിക്കുന്ന സ്ത്രീയായിരുന്നു. തന്റെ ജീവിതത്തിൽ തന്നെ ഇവർ തന്റെ ജീവിതസാരമാണ് പറഞ്ഞിരുന്നത്. തീർച്ചയായും ഒരു വലിയ സൃഷ്ടിസേവക ആയിരുന്നു. വീട്ടുകാര്യങ്ങൾ നന്നായി ശ്രദ്ധിച്ചിരുന്നു. പരലോകചിന്തയുള്ള സ്ത്രീയായിരുന്നു. വലിയ പ്രയോജനക്കാരിയും സഹായിയുമായിരുന്നു. ഞാൻ മനസ്സിലാക്കുന്നത് ഇവരുടെ അവസാനം ഖൈറോട് കൂടിയാണ് സംഭവിച്ചത്. ഹദീസിന്റെ അടിസ്ഥാനത്തിൽ ആരെയെങ്കിലും പ്രകീർത്തിച്ചു കൊണ്ട് പറഞ്ഞാൽ അവരുടെ മേൽ സ്വർഗ്ഗം നിർബന്ധമാകുന്നതാണ്. ഇവരും അവരിൽപെട്ട ഒരാളാണ്. അല്ലാഹു തആല ഇവരുടെ പദവികൾ ഉയർത്തുമാറാകട്ടെ. അവരുടെ സന്താനങ്ങൾക്കും ഈ നന്മകൾ ആവർത്തിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിന്നും തൗഫീക്ക് നൽകുമാറാകട്ടെ. അവരുടെ ഭർത്താവിന് സഹനവും ക്ഷമയും പ്രധാനം ചെയ്യട്ടെ.

മൂന്നാമത്തെ ജനാസ ജുമുആക്ക് ശേഷം നിർവഹിക്കുന്നത് നാസിറാബിൻത്ത് ശരീഫ് സാഹിബാ ഡോക്ടർ ഹാക്കിൻ മുഹമ്മദ് അബ്ദുൽ ഖാദിർ സാഹിബ് ശഹീദിന്റെ പത്നിയാണ്. ഹൈദരാബാദ്കാരാണ്. ഇപ്പോൾ നോർവേയിലാണ്. 2012 സെപ്തംബർ 22-ാം തിയതി വഫാത്തായി إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ ഇവരുടെ മാതാവ് ഫാത്തിമാ ജമീല സാഹിബ, ഹദ്റത്ത് സയ്യിദ് സാറാ സാഹിബയുടെ (ഖലീഫത്തുൽ മസീഹ് സാനിയുടെ പത്നി) അവരുടെ അമ്മായിയുടെ മകളാണ്. ഇവരുടെ പിതാവ് മുഹമ്മദ് ശരീഫ് സാഹിബ് മർഹൂമിന് 13-മത്തെ വയസ്സിൽ അഹ്മദിയ്യത്ത് സ്വീകരിക്കാനുള്ള തൗഫീക്ക് ലഭിച്ചു. ഇതു കാരണം ചെറുപ്പത്തിൽ തന്നെ വളരെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും അനുഭവിക്കുകയുണ്ടായി. മർഹൂമയുടെ വിവാഹം ഹാക്കിൻ മുഹമ്മദ് ഖാദിർ സാഹിബുമായി 1949-ൽ നടന്നു. ഇദ്ദേഹം ഹ: മസീഹ് മൗഊദ് (അ)ന്റെ സഹാബി പ്രഫസർ അബ്ദുൽ ഖാദിർ സാഹിബിന്റെ മകനായിരുന്നു. ഈ സഹാബി ഹ: ഖലീഫത്തുൽ മസീഹ് സാനിയുടെ പത്നിയായ സയ്യിദ് സാറാബോഗം സാഹിബയുടെ മൂത്ത ജേഷ്ഠനായിരുന്നു. മർഹൂമ അതിഥി സൽക്കാര പ്രിയയായിരുന്നു. തന്റെ ഭർത്താവ് ഡോക്ടർ ഹാക്കിൻ മുഹമ്മദ് ഖാദിർ സാഹിബിന്റെ അടുത്ത് വരുന്ന എണ്ണമറ്റ ബന്ധുക്കളേയും സുഹൃത്തുകളേയും ഹാർദവമായി സ്വീകരിച്ചു. നമസ്ക്കാരത്തിൽ കൃത്യനിഷ്ഠതയും തഹജ്ജുദും നിർവഹിച്ചിരുന്നു. ദീനീസേവക ആയിരുന്നു. പരിശുദ്ധഹൃദയത്തിന്റെ ഉടമയും ദരിദ്രരോട് സഹാനുഭൂതിയുള്ള സ്തീയുമായിരുന്നു. കുടുംബവും മാശാഅല്ലാഹ് ആവശ്യക്കാരെ സഹായിക്കുന്നതിലും ശ്രദ്ധിച്ചിരുന്നു. അവർക്ക് അത് വെളിപ്പെടുത്തേണ്ട കാര്യമില്ലായിരുന്നു. എല്ലാ വിദ്യകളും അഭ്യസിക്കുന്നതിൽ തത്പരയായിരുന്നു. അവർ ഹദഫ് പരീക്ഷ പാസായിരുന്നു. കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസം നൽകുന്നതിലും ശ്രദ്ധിച്ചിരുന്നു. 1985-ൽ തന്റെ ഭർത്താവുമായി വളരെയധികം പ്രയാസം നേരിടുന്ന അന്തരീക്ഷത്തിൽ 1987-ൽ നോർവേയിലേക്ക് ഹിജ്റത്ത് ചെയ്യേണ്ടിവന്നു. അപ്പോൾ അവരുടെ പ്രായം 60 വയസ്സായിരുന്നു. എന്നിട്ടും നോർവേ ഭാഷ പഠിക്കാൻ ശ്രമിച്ചു. ജമാഅത്തിനോടും ഖിലാഫത്തിനോടും വളരെയധികം സ്നേഹമുണ്ടായിരുന്നു. മസീഹ് മൗഊദ് (അ)ന്റെ പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും എപ്പോഴും വായിച്ച് കൊണ്ടിരുന്നു. ചന്ദ കൃത്യമായി നൽകുന്നതിൽ ശ്രദ്ധിച്ചിരുന്നു. ഇവരുടെ രണ്ട് മക്കൾ ഡോക്ടറാണ്. ഒരു മകളുണ്ട്. അല്ലാഹു തആല ഇവരുടെ മക്കളിലും ഇവരുടെ നന്മ നിലനാട്ടാനുള്ള തൗഫീക്ക് നൽകുമാറാകട്ടെ. അവരുടെ ദർജാത്ത് ഉയർത്തുമാറാകട്ടെ.

## PRINTED BOOKS

To

From

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut - 10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 October 12 at : Baitul Futuh London
Translation: Hashim Ashra, Alappey Mob: 07736669096

Typing: Mohiyudheen
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**